# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിളിമാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1550/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിളിമാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1550/22 തീയ്യതി: 27/01/2023

# തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2022 | 30-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2022 | 30-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സാബു.ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സ്വപ്ന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റ്റി.ആർ.മനോജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി.എൻ | സെക്രട്ടറി | 01-04-2021 | 01-12-2021 |
| ശ്രീമതി അശ്വതി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2021 | 16-12-2021 |
| ശ്രീ. ഷാജി.എൻ | സെക്രട്ടറി | 17-12-2021 | 16-01-2022 |
| ശ്രീമതി അശ്വതി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-01-2022 | 25-01-2022 |
| ശ്രീ. ഷാജി.എൻ | സെക്രട്ടറി | 26-01-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. സൂധീർ ജേക്കബ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. മാലിനി.ആർ | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2021 | 31-03-2022 |
| ഡോ. ഉഷ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ. ജിജി.എസ്.കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 06-02-2022 |
| ശ്രീ. സനൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-02-2022 | 31-03-2022 |
| ശ്രീ. ബിന്ദു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2021 | 31-03-2022 |
| ശ്രീമതി ശരണ്യ.എസ്.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2021 | 14-07-2021 |
| ശ്രീ. ബിന്ദു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 15-07-2021 | 06-09-2021 |
| ശ്രീമതി വിസ്മയ.വൈ.എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 07-09-2021 | 31-03-2022 |
| ശ്രീമതി നിസ.ജെ | എച്ച്.എം - ഇൻ ചാർജ് | 01-04-2021 | 30-09-2021 |
| ശ്രീ. നിസാർ | എച്ച്. എം. | 01-10-2021 | 06-12-2021 |
| ശ്രീ. അലക്സാണ്ടർ | എച്ച്. എം. | 07-12-2021 | 31-03-2022 |
| ശ്രീമതി നസീമാ ബീവി.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീലാ കുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സ്മിത.ബി.എസ്. | | | |
| ഡോ. അനുപമ ശശിധരൻ | വെറ്ററിനറി സർജൻ | 01-04-2021 | 20-12-2021 |
| ഡോ. കൃഷ്ണ കുമാർ | വെറ്ററിനറി സർജൻ | 21-12-2021 | 27-01-2022 |
| ഡോ.അലക്സി ആർ.യു | വെറ്ററിനറി സർജൻ | 28-01-2022 | 31-03-2022 |
| ശ്രീമതി സ്മിത ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 11 | എം.ജി.എൻ ആർ ഇ ജി എസ്- അവലോകനം | 1-8-1 |
| 12 | കരാറുകാരനിൽ നിന്നും ജി എസ് ടി ഈടാക്കിയില്ല | 1-8-2 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-10 |
| 15 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. | 1-10-1 |
| 16 | നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു | 1-10-2 |
| 17 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-10-3 |
| 18 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-10-4 |
| 19 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-10-5 |
| 20 | ചട്ടങ്ങൾ പാലിക്കാതെ അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നു | 1-10-6 |
| 21 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത | 1-10-7 |
| 22 | പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-10-8 |
| 23 | നികുതി ഒഴിവാക്കി നൽകിയതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-10-9 |
| 24 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു. | 1-10-10 |
| 25 | ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു - സഞ്ചയയ | 1-10-11 |

| | | |
|---|---|---|
| | പ്യൂരിഫിക്കേഷനിൽ അപാകത | |
| 26 | സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല | 1-10-12 |
| 27 | വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-10-13 |
| 28 | അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല | 1-10-14 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-11 |
| 30 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു. | 1-12 |
| 31 | ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു. | 1-13 |
| 32 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 33 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത | 1-15 |
| 34 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ് | 1-16 |
| 35 | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾക്ക് എ.എം.സി - അപാകങ്ങൾ | 1-17 |
| 36 | പത്രപ്പരസ്യം - അധിക നിരക്ക് നൽകി | 1-18 |
| 37 | പാഥേയം - രേഖകൾ ലഭ്യമാക്കിയില്ല | 1-19 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക ₹1675808/- തടസ്സപ്പെടുത്തുന്നു. | 1-20 |
| 39 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ₹ 2223619/- തടസ്സപ്പെടുത്തുന്നു. | 1-21 |
| 40 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ | 1-22 |
| 41 | ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് തുക നൽകി- കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായില്ല | 1-23 |
| 42 | അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 43 | ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന സമയബന്ധിതമായി നടത്തുന്നില്ല | 1-25 |
| 44 | കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ | 1-26 |
| 45 | ആട് വളർത്തൽ (ജനറൽ) – അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന വിവരം ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-27 |
| 46 | ന്യൂലൈഫ് ഭവന പദ്ധതി - നടത്തിപ്പിലെ അപാകതകൾ | 1-28 |
| 47 | ന്യൂലൈഫ് ഭവന പദ്ധതി : പൂർത്തിയാക്കുന്നതിൽ കാലതാമസം | 1-29 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-30 |
| 49 | എഫ്.എച്ച്.സി യിലെ ആംബുലൻസ് റിപ്പയറിങ് - തുക വകമാറ്റി | 1-31 |

| | | |
|---|---|---|
| | ചെലവഴിച്ച | |
| 50 | എഫ്.എച്ച്.സി യിലേയ്ക്ക് റീഏജന്റ് വാങ്ങൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-32 |
| 51 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം | 1-33 |
| 52 | പകർച്ച വ്യാധി പ്രതിരോധം - മരുന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 1-34 |
| 53 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-35 |
| 54 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-36 |
| 55 | പ്രോക്യൂർമെന്റ് കമ്മിറ്റി മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല. | 1-37 |
| 56 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. | 1-38 |
| 57 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-39 |
| 58 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു. | 1-40 |
| 59 | എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ആവശ്യമായ കിലോമീറ്റർ നിർണ്ണയിച്ചതിൽ അപാകം | 1-41 |
| 60 | 'ടേക്ക് എ ബ്രേക്ക്'- പ്രവർത്തനം ആരംഭിച്ചില്ല | 1-42 |
| 61 | ഖരമാലിന്യ സംസ്കരണം - **ആക്ഷൻ** **പ്ലാൻ** നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1/2-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2022 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 215968849/- രൂപ വരവും 210075000/-രൂപ ചെലവും 5893849/- രൂപ നീക്കിയിരിപ്പുമാണ്.

ബജറ്റിലെ അപാകങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.എന്നാൽ പുതുക്കിയ ബജറ്റിൽ താഴെപ്പറയുന്ന ഇനത്തിന് അധിക തുക ചെലവഴിച്ചിട്ടുണ്ട്.

| ബജറ്റ്ഹെഡ് | ഇനം | റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|
| 2514202 | Anganavadi Related Services | 7,50,000 | 1007400 |

2021-22 ലെ പരിഷ്കരിച്ച ബജറ്റ് 04.03.2022 തീയതിയിൽ ഭരണസമിതി അംഗീകരിച്ചു. എന്നാൽ പ്രസ്തുത വിവരങ്ങളല്ല 2022 വർഷത്തെ ബജറ്റ് തയ്യാറാക്കിയപ്പോൾ ബജറ്റിലെ '2021-22 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ' എന്ന ഭാഗത്ത് ഉൾപ്പെടുത്തിയത്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷത്തെ യഥാർത്ഥ വരവു ചെലവു കണക്കുകളുടെയും പഞ്ചായത്തിന്റെ ആവശ്യകതകളുടെയും വിശകലനം നടത്തിയ ശേഷം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന തുകകൾ വകയിരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 04.06.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(48/29.08.2022)മറുപടിയും ചുവടെ ചേർക്കുന്നു.

1) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിൽ പ്രസ്തുത റിപ്പോർട്ട് ലഭിക്കാത്തതിനാലാണ് ഓഡിറ്റിന് സമർപ്പിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്.

3)വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 10 എണ്ണം)മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ 0 ആണ്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടി ചുവടെ ചേർക്കുന്നു

| എ.എഫ്.എസ് ഹെഡ് | മറുപടി |
|---|---|
| VPF AI-0, VPF A II-0, VPF A III-0, VPF AIV-0, VPF AV-0, VPF AIII4-0, VPF AIII5-0 | സർക്കാർ ഗ്രാന്റുകൾ ലഭ്യമാകുന്നതിനായി കാലാകാലങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ട്രഷറി അക്കൗണ്ടുകളാണ്.പ്രസ്തുത ഹെഡുകൾ ആക്ടീവ് അല്ല |
| POST OFFICE OWN FUND-0 | നിലവിൽ അക്കൗണ്ട് ഇല്ല |
| Treasury TSB | സർക്കാർ ഉത്തരവ് പ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്തു |
| Treasury Account Covid | സർക്കാർ ഉത്തരവ് പ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്തു |

നടപടിക്രമങ്ങൾ പാലിച്ച് ആക്ടീവ് അല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും വാർഷിക ധനകാര്യ പത്രികയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

4)450210102 എസ്.ബി.ഐ ഇ പേയ്മെന്റ് അക്കൗണ്ടിലെ 2022 ജനവരി മാസത്തെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന വിഭാഗത്തിലുള്ള തുകകളുടെ ഇൻസ്ട്രുമെന്റ് നമ്പർ, തീയതി, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ട്രാൻസാക്ഷനുകളെ സംബന്ധിച്ച വിവരം ഐ.കെ.എം -ൽ നിന്നും ലഭിക്കാത്തതിനാലാണ് ഇപ്രകാരം രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചത്.

5)I-18 Prior Period Income എന്ന ഹെഡിൽ വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും 21776/- രൂപ കുറവ് ചെയ്തിട്ടുണ്ട്. സഞ്ചയയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയത് പ്രകാരമുള്ള തുകയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

6)B-9 Other Liabilities എന്ന ഷെഡ്യൂളിൽ താഴെപ്പറയുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ ഒടുക്കാത്തതിന്/ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം | കോഡ് | തുക | മറുപടി |
|---|---|---|---|
| 1 | 350300109 | 160413 | ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ ചെലവഴിക്കാതെ തിരികെ ലഭിച്ച തുക. |
| 2 | 350800199 | 43428 | മുൻ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയിൽ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ ക്രെഡിറ്റാകാതെ തിരികെ ലഭിച്ച തുക |

ക്രമ നമ്പർ (1) പ്രകാരമുള്ള തുക സ.ഉ(സാധാ)നം.1785/2022/തസ്വഭവ തീ.25.07.2022 ലെ ഉത്തരവ് പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജലജീവൻ മിഷൻ പദ്ധതിക്ക് വിനിയോഗിക്കാവുന്നതാണ്. ക്രമ നമ്പർ (2) പ്രകാരമുള്ള തുക തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7)2017-18 സാമ്പത്തിക വർഷത്തിലെ റിഡംഷൻ തുക പഞ്ചായത്ത് ഫണ്ടിൽ രണ്ട് തവണ ക്രെഡിറ്റായതിനാൽ ബാലൻസ്ഷീറ്റിൽ 350800299 ഹെഡിൽ 4931618/- രൂപ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

8)ഫലവൃക്ഷങ്ങളുടെ മേലാദായം ഇനത്തിൽ 2021-22 വർഷത്തേയ്ക്ക് ലേലം ചെയ്ത ഇനങ്ങളുടെ വിവരം Income & Expenditure Statement ൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത വരവ് 2020-21 വർഷത്തേയ്ക്കാണ് റസീപ്റ്റ് ചെയ്തിട്ടുള്ളത്. സാമ്പത്തിക വർഷത്തേയ്ക്ക് നടപ്പാക്കുന്ന ലേലങ്ങൾ അതത് സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

9)B-18 ഷെഡ്യൂളിൽ 460500499 Advance To Other Accredited Agencies എന്ന ഹെഡിൽ 14465 രൂപ നീക്കിയിരിപ്പുണ്ട്.

സാംഖ്യ സഞ്ചയ പൊരുത്തപ്പെടുത്തുന്നതിനായി ട്രാൻസാക്ഷനില്ലാത്ത ഹെഡിൽ തുക രേഖപ്പെടുത്തി എന്നാണ്

എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചത്. വാർഷികധനകാര്യ പത്രികയിലെ മേൽ അപാകത പരിഹരിക്കേണ്ടതാണ്.

10)2021-22വാർഷിക ധനകാര്യ പത്രിക B-15 Sundry Debtor ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഉൾപ്പെടെ വസ്തു നികുതി റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ ഇനത്തിൽ 651472/- രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി റിപ്പോർട്ടിൽ പിരിച്ചെടുക്കാനുള്ള തുക 625216/- രൂപയാണ് (ഓഡിറ്റ് എൻക്വയറി നം.55/30.08.2022 ന് മറുപടി ലഭിച്ചില്ല).

## 1-3 ഗ്രാന്റ് വിനിയോഗം

2021-22 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9322228 | 9322228 | 9306869 | 15359 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10026222 | 10026222 | 8239759* | 10026222 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5706902 | 5706902 | 3066651 | 2640251 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2534199 | 2534199 | 480949 | 2053250 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14691527 | 14691527 | 12461521 | 2230006 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5100388 | 5100388 | 4597474 | 502914 |

*അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം പ്രോജക്ട് നമ്പർ.73/22 ന് 688000/- രൂപയുടെ അലോട്ട്മെന്റ് നൽകിയെങ്കിലും ബിൽ ട്രഷറിയിൽ നൽകാത്തതിനാൽ തുക ചെലവഴിച്ചില്ല.

A)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8709645 | 3930587 | 45.13 |
| | പട്ടിക ജാതി | 927200 | 927200 | 100 |
| സേവനം | പൊതുവിഭാഗം | 32077418 | 20098172 | 62.66 |
| | പട്ടിക ജാതി | 40506864 | 18929193 | 46.73 |

| | | | | |
|---|---|---|---|---|
| പശ്ചാത്തലം | പൊതുവിഭാഗം | 17861985 | 13150355 | 73.62 |
| | പട്ടിക ജാതി | 229290 | 0 | 0 |

B)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ (അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് | 59436 |
| 2 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 707608 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് | 85878 |

C)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3621300 | 1882688 | 52 |
| കുട്ടികൾ | 1375614 | 42863 | 3 |
| വൃദ്ധർ | 130500 | 84300 | 65 |
| ഭിന്നശേഷിയുള്ളവർ | 159526 | 0 | 0 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 400000 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1500000 | 1405391 | 94 |

## 1-4 പദ്ധതി അവലോകനം

അവലോകനം

2021-22 ൽ കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീക |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത്(എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | രിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 99482402 | 111 | 56205507 | | 34 | 56.5% |

പദ്ധതി അടങ്കൽ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവ് 56.5 % മാത്രമാണ്. കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി., ഹോമിയോ, ആയുർവേദം, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. എച്ച്.എം. ഏഴ് പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും രണ്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4555200 | 3009 |
| വിധവാപെൻഷൻ | 16573500 | 11111 |
| വാർദ്ധക്യകാല പെൻഷൻ | 31364600 | 21636 |
| വികലാംഗ പെൻഷൻ | 3990300 | 2523 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 482400 | 314 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഷറഫുദ്ദീൻ എച്ച് | 102320201520 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03.04.2021 | ആക്ടീവ് | 1600*16 | 25600 |
| 2 | ഭവാനി | 102320600532 | വിധവപെൻഷൻ സ്കീം | 28.12.2021 | സസ്പെൻഡ് | 1600*2 | 3200 |
| 3 | വസുമതി.ജെ.കെ | 102320200354 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.12.2021 | സസ്പെൻഡ് | 1600*2 | 3200 |
| 4 | മുഹമ്മദ്ഇല്ല്യാസ് എ | 102320200937 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.12.2021 | ആക്ടീവ് | 1600*8 | 12800 |
| 5 | ബഷീർ എ ആർ | 102320202641 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.02.2022 | ആക്ടീവ് | 1600*6 | 9600 |
| 6 | ഓമന | 103690400231 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം – ശാരീരികം | 05.03.2022 | ആക്ടീവ് | 1600*5 | 8000 |
| 7 | റംലത്ത്ബീവി | 102320201347 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.03.2022 | സസ്പെൻഡ് | 1600*1 | 1600 |
| | | | ആകെ | | | | 64000 |

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 40 /2021-22, 27.08.2022 ) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2022, 3.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56650/- രൂപ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് മിനിട്സ് പരിശോധിച്ചതിൽ 10.07.21 ലെ മീറ്റിംഗിനു ശേഷം 20.10.21 ലാണ് രേഖപ്പെടുത്തലുകളുള്ളത്. മിനിട്സ് ബുക്കിലെ 71 മുതൽ 74 വരെ പേജുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. തുടർന്ന് മീറ്റിംഗ് കൂടിയത് 09.05.22 ലാണ്. റിവ്യൂ മീറ്റിംഗുകൾ കൂടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

3) പൗരാവകാശ രേഖ 2021 ലാണ് അവസാനമായ് പ്രസിദ്ധീകരിച്ചത്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 മൂന്നാം ചട്ടപ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. പൗരാവകാശ രേഖ പുതുക്കേണ്ടതും പൊതുജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.

4) വാങ്ങൽ പ്രക്രിയയിൽ പ്രോക്യൂർമെന്റ് കമ്മിറ്റി സജീവ ഇടപെടൽ നടത്തുന്നില്ല.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

6) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്.

8)ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 02.07.09 ലെ സ.ഉ.(കൈ)നം.1232009തസ്വഭവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

9)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ , പെർഫോമൻസ് ഓഡിറ്റ് പരാമർശ രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. എല്ലാ രജിസ്റ്ററുകളും കാലികമാക്കേണ്ടതാണ്.

10) വിവധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

11)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 47459 | 899284 | 946743 | 941426 | 5317 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45825000 | 45825000 | 45825000 | 0 |
| ആകെ | 47459 | 46724284 | 46771743 | 46766426 | 5317 |

## 1-8-1 എം.ജി.എൻ ആർ ഇ ജി എസ്- അവലോകനം

2021-2022 സാമ്പത്തികവർഷത്തെ NREGS –ന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ - 45/2021-22, 27.08.2022)യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 270 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2324 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2085 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | 0 |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | 0 |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | 0 |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 788 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 198 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 198 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 198 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 15 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 15 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 15 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 341 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 341 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 313 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 7057 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 141141 |

| | |
|---|---|
| പരാതി രജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഉണ്ട് |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 421.32 ലക്ഷം |
| മെറ്റീരിയൽ കംബോണന്റ് | 36.32 ലക്ഷം |
| ആകെ വരവ് | 468.24 ലക്ഷം |
| ആകെ ചെലവ് | 466.53 ലക്ഷം |

| തൊഴിൽ ദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 785 |
| 80-99 | 286 |
| 70-79 | 139 |
| 60-69 | 119 |
| 50-59 | 90 |
| 50 ൽ താഴെ | 905 |

തൊഴിലുറപ്പ് പദ്ധതി ഗവ.ഉത്തരവുകൾ ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ലഭ്യമാകുന്ന തുക പൂർണ്ണമായും ഫലപ്രദമായും, അയൽക്കൂട്ടം ഗ്രാമസഭ എന്നിവയിൽ ചർച്ച ചെയ്ത് രൂപം കൊടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8-2 കരാറുകാരനിൽ നിന്നും ജി എസ് ടി ഈടാക്കിയില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി സ്രോതസ്സിൽ

നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 49/2021-22, 29.08.2022)ക്ക് മറുപടി നൽകിയില്ല. എം ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്താത്തതിനാൽ ഒടുക്ക് വിവരം സംബന്ധിച്ച് വ്യക്തതയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | പുതിയകാവ് തൊടിയിൽ റോഡ് കോൺക്രീറ്റിംഗ് | 99/21-22/ NREGS | ഷാജി മോഹൻ | 406518.97 |
| 2 | കക്കാകുന്ന് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 102/21-22/ NREGS | മണിലാൽ എസ് | 358452.5 |
| 3 | കൊല്ലോണം റോഡ് കോൺക്രീറ്റിംഗ് | 92/21-22/ NREGS | രാജ്കുമാർ എസ് | 304209.42 |
| 4 | ഉഴുന്നുവിള നടവഴി നവീകരിച്ച് കോൺക്രീറ്റ് ചെയ്യൽ | 97/21-22/ NREGS | ഷാജി മോഹൻ | 324350.11 |
| 5 | അയ്യപ്പൻകാവ് വട്ടവിള ഇടവഴി കോൺക്രീറ്റിംഗ് | 98/21-22/ NREGS | ഷാജി മോഹൻ | 329419.81 |
| 6 | വടക്കേവിള പാറയിൽക്കടവ് റോഡ് കോൺക്രീറ്റിംഗ് | 82/21-22/ NREGS | ഷാജി മോഹൻ | 381142.76 |
| 7 | പൊന്നിയാൻ മുക്ക് ഏറെതെന്നൂർ റോഡ് കോൺക്രീറ്റിംഗ് ചെയ്ത് ഗതാഗതയോഗ്യമാക്കൽ | 84/21-22/ NREGS | മണിലാൽ എസ് | 406518.97 |
| 8 | തെക്കുകോണം ക്ഷേത്രത്തിലേക്കുള്ള റോഡ് നവീകരണവും കോൺക്രീറ്റിംഗും വാർഡ് - 1 | 94/21-22/ NREGS | മണിലാൽ എസ് | 286362.29 |
| 9 | തേക്കട റോഡ് നവീകരണവും കോൺക്രീറ്റിംഗും | 93/21-22/ NREGS | ഷാജി മോഹൻ | 279965.59 |
| 10 | പാണൻവിളാകം - പൂവ്വക്കാട് റോഡ് കോൺക്രീറ്റിംഗ് | 100/21-22/ NREGS | ഷാജി മോഹൻ | 406585.39 |
| 11 | തെങ്ങുംകോട് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 61/21-22/ NREGS | രാജ്കുമാർ എസ് | 275218.58 |
| 12 | സേവനംകുന്ന് കിഴക്കുംകര റോഡ് | 101/21-22/ NREGS | സനൽകുമാർ ബാലൻ | 406518.97 |
| 13 | വരിഞ്ഞോട്ട് കോണം അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 88/21-22/ NREGS | രാജ്കുമാർ എസ് | 276467.57 |
| 14 | മേലേമുപ്പറ- ചൂട്ടയിൽ മൃഗാശുപത്രി സെന്റർ റോഡ് കോൺക്രീറ്റിംഗ് | 95/21-22/ NREGS | രാജ്കുമാർ എസ് | 406521.97 |

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.04.2022 മുതൽ 29.04.2022 വരെ | 01.08.21 മുതൽ 31.03,22 വരെ | 13.07.2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 06.09.2018 വരെ | 2013-14 മുതൽ 2017-18 വരെ | 17.10.2018 |

## 1-10 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-10-1 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെയും 15-ാം വാർഡിലെയും കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/126 | അനുശ്രീ | പാർപ്പിടം | 100 M2 |
| 2 | 1/226 | സരോജിനി | പാർപ്പിടം | 100 M2 |
| 3 | 1/67 | രാജൻ | പാർപ്പിടം | 95 M2 |
| 4 | 1/229 | കുഞ്ഞുകൃഷ്ണൻ | പാർപ്പിടം | 80 M2 |
| 5 | 1/96 | ഉണ്ണികൃഷ്ണൻ | പാർപ്പിടം | 75 M2 |
| 6 | 1/33 | വിജയകുമാരി | പാർപ്പിടം | 70 M2 |
| 7 | 1/119 | ഗോപാലൻ | പാർപ്പിടം | 70 M2 |
| 8 | 1/162 A | അബ്ദുൾ മനാഫ് | പാർപ്പിടം | 70 M2 |
| 9 | 1/242 | മോഹനൻ | പാർപ്പിടം | 70 M2 |
| 10 | 1/167 A | ഗിരീഷ്കുമാർ | പാർപ്പിടം | 62 M2 |
| 11 | 15/50 | സുനിൽ | പാർപ്പിടം | 65 M2 |
| 12 | 15/79 A | ഉഷ | പാർപ്പിടം | 62 M2 |
| 13 | 15/102 | ചന്ദ്രദാസ് | പാർപ്പിടം | 95 M2 |
| 14 | 15/360 | വസന്തകുമാരി | പാർപ്പിടം | 80 M2 |
| 15 | 15/422 | രാഘവൻനായർ | പാർപ്പിടം | 68 M2 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/23.08.2022 ന് ലഭിച്ച മറുപടിയിൽ

സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-2 നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ നിന്നും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

A)വാണിജ്യകെട്ടിടത്തിന്റെ നികുതി ഡിമാന്റ് ചെയ്യാതെ തുക പിരിച്ചെടുത്തു

താഴെപ്പറയുന്ന വാണിജ്യകെട്ടിടത്തിന്റെ വസ്തു നികുതി നിർണയം നടത്തിയിട്ടുണ്ടെങ്കിലും നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. കൂടാതെ കളക്ഷനിൽ ഡിമാന്റില്ലാതെ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് .

| | | | | | | |
|---|---|---|---|---|---|---|
| കെട്ടിട നം | | | | 14/546 | | |
| കെട്ടിട ഉടമയുടെ പേര് | | | | നൂറുദ്ദീൻ | | |
| വിസ്തീർണം | | | | 40 ച.മീ | | |
| കളക്ഷൻ വിവരം | | | | | | |
| Sl. No | Year | Period | Total | Receipt No | Receipt Date | Entry Mode |
| 1 | 2014 | First Half | 1021 | 11601100415 | 29/04/2016 | Saankhya Mapping |
| 2 | 2014 | Second Half | 1021 | 11601100415 | 29/04/2016 | Saankhya Mapping |
| 3 | 2015 | First Half | 1021 | 11601100412 | 29/04/2016 | Saankhya Mapping |
| 4 | 2015 | Second Half | 1021 | 11601100412 | 29/04/2016 | Saankhya Mapping |
| Total | | | 4084 | | | |

B)പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി പിരിവ്

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നിലനിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 3/158 | ശിവരാമൻ | പാർപ്പിടം | 67.9 $M^2$ | 1850 |
| 2 | 13/97 | അമ്പിളി അശോകൻ | പാർപ്പിടം | 70 $M^2$ | 1388 |
| 3 | 9/293 A | മുഹമ്മദ് റഷീദ് | പാർപ്പിടം | 65 $M^2$ | 846 |
| 4 | 8/583 | ആർ ജയിൻ | പാർപ്പിടം | 113$m^2$ | 1568 |
| 5 | 8/218 | ജഗദമ്മ | പാർപ്പിടം | 83$m^2$ | 942 |
| 6 | 7/99 | യൂസഫ്കുഞ്ഞ് | പാർപ്പിടം | 144 $M^2$ | 1284 |
| 7 | 14/238 | ഇന്ദു ബി കുറുപ്പ് | പാർപ്പിടം | 12$m^2$ | 3465 |

C)ഡിമാന്റില്ലാത്ത അർദ്ധ വർഷത്തിൽ നികുതി പിരിച്ചു.

വസ്തുനികുതി നിർണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യാത്ത 2021 ഒന്നാം അർദ്ധ വർഷത്തിലെ കളക്ഷൻ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 11 | 337 | C | രാധാഭായി.ജി(രാധ ഭവൻ,കായാട്ടുകോണം,കിളിമാനൂർ | 2021 | First Half |
| 2 | 14 | 516 | B | ദേവദാസൻ കെ(കാഞ്ഞിരത്തുംമൂട്,പോങ്ങനാട്,പോങ്ങനാട് | 2021 | First Half |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/25.08.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി, വസ്തുനികുതി ചട്ടങ്ങളുടെയും നിരക്കുകളുടെയും അടിസ്ഥാനത്തിൽ പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-3 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതിനിർണയരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ 3,6 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് 3 | | | വാർഡ് 6 | | |
|---|---|---|---|---|---|
| Missing Building No.From | Missing To | Total Missing Buildings | Missing Building No.From | Missing To | Total Missing Buildings |
| 11 | 11 | 1 | 31 | 31 | 1 |
| 32 | 32 | 1 | 53 | 53 | 1 |
| 50 | 50 | 1 | 79 | 79 | 1 |
| 98 | 98 | 1 | 98 | 98 | 1 |
| 113 | 117 | 5 | 113 | 113 | 1 |
| 119 | 119 | 1 | 126 | 126 | 1 |
| 137 | 137 | 1 | 144 | 144 | 1 |
| 148 | 148 | 1 | 161 | 161 | 1 |
| 151 | 151 | 1 | 199 | 199 | 1 |
| 153 | 153 | 1 | 214 | 214 | 1 |
| 155 | 156 | 2 | 229 | 230 | 2 |
| 160 | 160 | 1 | 251 | 252 | 2 |
| 163 | 163 | 1 | 254 | 254 | 1 |
| 168 | 168 | 1 | 256 | 256 | 1 |
| 171 | 171 | 1 | 280 | 281 | 2 |
| 173 | 175 | 3 | 293 | 293 | 1 |

| | | | | | |
|---|---|---|---|---|---|
| 183 | 183 | 1 | 330 | 330 | 1 |
| 186 | 187 | 2 | 397 | 397 | 1 |
| 191 | 191 | 1 | 403 | 412 | 10 |
| 193 | 193 | 1 | 414 | 455 | 42 |
| 198 | 198 | 1 | 457 | 480 | 24 |
| 226 | 227 | 2 | Total | | 97 |
| 232 | 232 | 1 | | | |
| 238 | 238 | 1 | | | |
| 319 | 319 | 1 | | | |
| 322 | 322 | 1 | | | |
| 338 | 338 | 1 | | | |
| 372 | 373 | 2 | | | |
| Total | | 38 | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 23/25.08.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-4 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തെ സർക്കാർ/ എയ്ഡഡ് സ്ഥാപനം എന്ന് രേഖപ്പെടുത്തി മേൽ വകുപ്പ് പ്രകാരം നികുതി ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|
| 2/227 | ബി ആൻറ് ബി പബ്ളിക് സ്കൂൾ | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 13/24.08.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-5 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്(കോവിഡ് പശ്ചാത്തലത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ

ഉത്തരവ് പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 55/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10-6 ചട്ടങ്ങൾ പാലിക്കാതെ അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരമുള്ള ഇളവ് കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഒന്നാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ ഇത്തരത്തിൽ ഇളവ് നൽകിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/350<br>1/350 A | അപ്പുക്കുട്ടൻ,കാരോട്ടുപുത്തൻ വീട് |
| 2 | 1/79<br>1/79 A | ഓമന, മറ്റത്തുകോണം കുന്നിൽ വീട് |
| 3 | 1/404<br>1/405 | പുഷ്പമണി, പേഴവിള വീട് |
| 4 | 1/287<br>1/287 A | ശാന്ത, ചരുവിള വീട് |
| 5 | 1/63<br>1/64 | വാസുദേവൻ, ഹരിദാസ് വിലാസം |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആദ്യ 10 വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | New Ward No. | New Door No. | New Sub No. | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 1 | 287 | A | ശാന്ത(ചരുവിളവീട്,തെന്നൂർ,മലക്കൽ | 49.68 |
| 2 | 2 | 304 | B | ഗോപാലകൃഷ്ണൻ (വൈശാഖ് നിവാസ്, പനപ്പാംകുന്ന്, മലക്കൽ | 35 |
| 3 | 4 | 37 | A | നന്ദിനി(എൻ എസ് ഭവൻ,പുതുമംഗലം,മുളയ്ക്കലത്തുകാവ് പി ഒ-695614 | 32 |
| 4 | 4 | 124 | | സുരേന്ദ്രൻ നായർ(ശ്രീവിലാസം, | 61 |
| 5 | 4 | 176 | | എം എസ് ഉദയനൻ(മാനസം,പുതുമംഗലം,മുളയ്ക്കലത്തുകാവ് പി ഒ, | 58 |
| 6 | 4 | 321 | A | രാജൻ (സന്ധ്യാമന്ദിരം, മുളയ്ക്കലത്തുകാവ്, മുളയ്ക്കലത്തുകാവ്) | 60 |

| | | | | | |
|---|---|---|---|---|---|
| 7 | 4 | 340 | | രാമൻകുട്ടി (ചരുവിള വീട്, അയിത്തിക്കോണം, മുളയ്ക്കലത്തുകാവ്) | 60 |
| 8 | 4 | 563 | | ഓമന (പറങ്കിമാംവിള വീട്) | 60 |
| 9 | 5 | 278 | A | ചന്ദ്രിക (ചന്ദ്രിക വിലാസം, തോപ്പിൽ, മുളയ്ക്കലത്തുകാവ് പി ഒ,സുധർമിണി (ചന്ദ്രിക വിലാസം, തോപ്പിൽ മുക്ക്) | 27.09 |
| 10 | 6 | 287 | C | ഉഷ (ബിസ്മി ഭവൻ,ആര്യർ, മുളയ്ക്കലത്തുകാവ്) | 40 |
| 11 | 7 | 56 | | ശാരദ (ലക്ഷംവീട്, മണ്ഡപകുന്ന്, കിളിമാനൂർ പി ഒ, 695601) | 42 |
| 12 | 7 | 69 | A | സരസ്വതി(പയ്യടലക്ഷം വീട്,മണ്ഡപകുന്ന്) | 40 |
| 13 | 10 | 308 | C | ബാലചന്ദ്രൻ (ശാരദ നിലയം,വർത്തൂർ) | 38.5 |
| 14 | 10 | 542 | A | ബീന (കുന്നവിള വീട്,ചൂട്ടയിൽ,കിളിമാനൂർ പി ഒ,) | 36 |
| 15 | 10 | 554 | A | ഓമന അമ്മ (പ്രണവം,പുതുകുളങ്ങര,പുല്ലയിൽ പി ഒ) | 37.7 |

C)അറുപത് ചതുരശ്ര മീറ്റർ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഇളവ്

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.ഉദാഹരണമായി

| Sl. No. | New Ward No. | New Door No. | New Sub No. | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 4 | 105 | | ഭവാനി അമ്മ(കൊന്നറ പുത്തൻ വീട്,പുതുമംഗലം,മുളയ്ക്കലത്തുകാവ് | 73 |
| 2 | 4 | 166 | | പി ഗംഗാധരൻ പിള്ള(ശൈലജാ മന്ദിരം,തിയറോഡ്,മലക്കൽ | 62 |
| 3 | 4 | 229 | | മുരളി ജെ(കടയറവീട്,തോപ്പിൽ,മുളയ്ക്കലത്തുകാവ് പി ഒ, | 62 |
| 4 | 15 | 50 | | സുനിൽ നാടാർ.. സിന്ധു (സിന്ധു ഭവൻ, കിളിക്കോട്ട് കോണം) | 65 |
| 5 | 15 | 159 | | അനിരുദ്ധൻ കുമാരി (ആരാമം,പോങ്ങനാട്,പോങ്ങനാട് പി ഒ, | 62 |
| 6 | 15 | 224 | | അബ്ദുൾ ഖാദർ(പൊയ്കവിള,പഴയചന്ത,പോങ്ങനാട് പി ഒ, | 62 |
| 7 | 15 | 277 | | ശശാങ്കൻ (ചരുവിള വീട്) | 65 |
| 8 | 15 | 357 | | മോഹനചന്ദ്രൻ പിള്ള (വടക്കതിൽ വീട്,വരിഞ്ഞോട്ടുകോണം, | 65 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/25.08.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-7 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 243 ച.മീറ്ററിൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിടത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|
| 5/78 A | ഷാജി എ | പാർപ്പിടം | 243 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/24.08.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-8 പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പൊളിച്ചുനീക്കിയ അർദ്ധവർഷം വരെയുള്ള നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | A3/1886 /21/17.03.2021 | 10/436 | സുഭദ്ര അമ്മ | വാണിജ്യകെട്ടിടം | 13 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 1023 |
| 2 | A3/1886 /21/17.03.2021 | 10/434 | സുഭദ്ര അമ്മ | വാണിജ്യകെട്ടിടം | 24 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 546 |
| 3 | A3/27.03.2021 | 10/425 | ഓമനഅമ്മ | വാണിജ്യകെട്ടിടം | 3 $M^2$ | 2019 ഒന്നാം അർദ്ധവർഷം മുതൽ | 284 |
| 4 | A3/27.03.2021 | 10/426 | ഓമനഅമ്മ | വാണിജ്യകെട്ടിടം | 5 $M^2$ | 2019 ഒന്നാം അർദ്ധവർഷം മുതൽ | 474 |
| 5 | A3/27.03.2021 | 10/329 A | അനൂപ് .സി.എസ് | പാർപ്പിടം | 51 $M^2$ | 2017 ഒന്നാം അർദ്ധവർഷം മുതൽ | 1032 |

നികുതി ഒഴിവാക്കിയതിന്റെ അപേക്ഷകളും ,ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും (ഓഡിറ്റ് റിക്വിസിഷൻ നമ്പർ.01/24.08.2022)ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 17/24.08.2022 ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-9 നികുതി ഒഴിവാക്കി നൽകിയതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1)2021-22 വർഷം പൊളിച്ചുനീക്കിയ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ അപേക്ഷയും, രജിസ്റ്ററും, ഫയലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | ഫയൽ നം | തീയതി | കെട്ടിട നമ്പർ | അപേക്ഷകൻ |
|---|---|---|---|---|
| 1 | A3/1690/21 | 26/03/2021 | 14/504/ | Sasi |
| 2 | 193 | 19/03/2021 | 14/614/ | J. Thulaseedharan Pillai |
| 3 | 1920/21 | 19/03/2021 | 13/330/ | Radhamani |
| 4 | A2/1671 | 05/03/2021 | 8/9/ | Subhadra |

| | | | | |
|---|---|---|---|---|
| 5 | A3/1884/21 | 17/03/2021 | 15/207/ | Chandrashekaran |
| 6 | 1960/21 | 20/03/2021 | 8/582/ | Jamuna |
| 7 | A3/1886/21 | 17/03/2021 | 10/433/ | Subhadra Amma |
| 8 | A3/1886/21 | 17/03/2021 | 10/434/ | Subhadra |
| 9 | A3/1886/21 | 17/03/2021 | 10/436/ | Subhadra |
| 10 | A3 | 27/03/2021 | 10/329/A | Anoop |
| 11 | A3 | 27/03/2021 | 10/425/ | Omana Amma |
| 12 | A3 | 27/03/2021 | 10/426/ | Omana Amma |
| 13 | 2001 | 29/03/2021 | 15/265/B | Sreedharan |
| 14 | A3/1835/2021 | 15/03/2021 | 7/107/ | Saji |
| 15 | A3/1593/2021 | 01/03/2021 | 2/117/ | Prasannakumari |
| 16 | 4533/2021 | 26/10/2021 | 7/341/ | Vijayamma |
| 17 | 4678/2021 | 03/11/2021 | 5/222/ | Mohandas ,Sunilkumar |
| 18 | 4793/2021 | 10/11/2021 | 6/12/ | Kunji |
| 19 | 2163 | 31/03/2021 | 6/85/ | Vibha |
| 20 | 374/2021 | 01/11/2021 | 10/421/ | Sasidharan |
| 21 | 374/2021 | 01/11/2021 | 10/422/ | Sasidharan |
| 22 | 4874/2021 | 15/11/2021 | 8/294/ | Anila Kumari |
| 23 | 2255 | 23/12/2021 | 7/376/ | Valsalakumari |
| 24 | A3 | 29/11/2021 | 13/402/ | Sankara Narayanan Potti |
| 25 | 5684/2021 | 18/12/2021 | 8/158/ | Indira |
| 26 | 196 | 05/01/2022 | 11/374/ | Vineeth |
| 27 | 5574/2021 | 16/12/2021 | 8/528/ | Aswathy |
| 28 | 5573 | 12/01/2022 | 8/530/ | Aswathy |
| 29 | 5067 | 04/01/2022 | 14/491/ | Suju |
| 30 | 5437 | 14/12/2021 | 4/413/ | Geetha |
| 31 | 405/2022 | 19/01/2022 | 11/193/ | Sasidharan Nair |
| 32 | 465 | 25/01/2022 | 14/574/ | Dev |
| 33 | A3/1690/21 | 26/03/2021 | 14/504/ | Sasi |
| 34 | 193 | 19/03/2021 | 14/614/ | J. Thulaseedharan Pillai |
| 35 | 1920/21 | 19/03/2021 | 13/330/ | Radhamani |
| 36 | A2/1671 | 05/03/2021 | 8/9/ | Subhadra |
| 37 | A3/1884/21 | 17/03/2021 | 15/207/ | Chandrashekaran |
| 38 | 1960/21 | 20/03/2021 | 8/582/ | Jamuna |
| 39 | A3/1886/21 | 17/03/2021 | 10/433/ | Subhadra Amma |
| 40 | A3/1886/21 | 17/03/2021 | 10/434/ | Subhadra |
| 41 | A3/1886/21 | 17/03/2021 | 10/436/ | Subhadra |
| 42 | A3 | 27/03/2021 | 10/329/A | Anoop |
| 43 | A3 | 27/03/2021 | 10/425/ | Omana Amma |
| 44 | A3 | 27/03/2021 | 10/426/ | Omana Amma |
| 45 | 2001 | 29/03/2021 | 15/265/B | Sreedharan |
| 46 | A3/1835/2021 | 15/03/2021 | 7/107/ | Saji |
| 47 | A3/1593/2021 | 01/03/2021 | 2/117/ | Prasannakumari |
| 48 | 4533/2021 | 26/10/2021 | 7/341/ | Vijayamma |
| 49 | 4678/2021 | 03/11/2021 | 5/222/ | Mohandas ,Sunilkumar |
| 50 | 4793/2021 | 10/11/2021 | 6/12/ | Kunji |
| 51 | 2163 | 31/03/2021 | 6/85/ | Vibha |

| | | | | |
|---|---|---|---|---|
| 52 | 374/2021 | 01/11/2021 | 10/421/ | Sasidharan |
| 53 | 374/2021 | 01/11/2021 | 10/422/ | Sasidharan |
| 54 | 4874/2021 | 15/11/2021 | 8/294/ | Anila Kumari |
| 55 | 2255 | 23/12/2021 | 7/376/ | Valsalakumari |
| 56 | A3 | 29/11/2021 | 13/402/ | Sankara Narayanan Potti |
| 57 | 5684/2021 | 18/12/2021 | 8/158/ | Indira |

2)താഴെപ്പറയുന്ന കെട്ടിടങ്ങളുടെ 2021 രണ്ടാം അർദ്ധ വർഷത്തിലെ വേക്കൻസി റമിഷൻ അപേക്ഷകളും രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഫയൽ നം | ഫയൽ തീയതി | കെട്ടിട നമ്പർ | അപേക്ഷകൻ |
|---|---|---|---|---|
| 1 | 3450/2021 | 11/08/2021 | 6/246/b | B Sasikumar |
| 2 | A3/4049 | 28/09/2021 | 4/347/; 4/350/; 4/351/; 4/349/; 4/348/; 4/352/; 4/352/D; 4/352/A; 4/352/C; 4/352/B | S Sreekumar |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം.01/24.08.2022 ന് ലഭിച്ച മറുപടിയിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതായി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.55/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ ഹാജരാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മേൽ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10-10 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2021-22 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 4 | 447 | ബാബുകുമാർ (പാങ്ങോട്ടു വിളയിൽ വീട്, പുതുമംഗലം, മുളയ്ക്കലത്തുകാവ് പി ഒ, | 903175 | 0 | 121110101574 | 16/12/2021 | 2021 | 518 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 24/25.08.2022 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും നികുതിപ്പണം നഷ്ടമായിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-11 ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു - സഞ്ചയയ വ്യൂരിഫിക്കേഷനിൽ അപാകത

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം

കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .2021-22 വർഷത്തിൽ സഞ്ചയ പ്യൂരിഫിക്കേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് റിക്വിസിഷൻ നമ്പർ 1/24.08.2022). മേൽ കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10-12 സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ ഫാറം 6 നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| BuildingID | Ward Year | Ward Number | Doornumber | Doornumber Sub | Ownername | Assess Type | Base Filestatus |
|---|---|---|---|---|---|---|---|
| 50232010013735 | 1993 | 2 | 198 | B | - | Plinth Area (2011) | DE Started |
| 50232010003173 | 1993 | 3 | 744 | | Gopalakrishnan Nair | ARV | Approved |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 55/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-13 വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി സെസ് ഉൾപ്പെടെ വസ്തു നികുതി ഇനത്തിൽ 651472/- രൂപ പിരിച്ചെടുക്കാനുണ്ട്. 2021-22 വർഷത്തിൽ മാന്വൽ രസീത് ഉപയോഗിച്ച് വസ്തു നികുതി പിരിവ് നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Property Tax On Residential Building-Current | 274820 |
| Property Tax On Non Residential Building-Current | 118149 |
| Property Tax On Residential Building-Arrear | 156936 |
| Property Tax On Non Residential Building-Arrear | 101567 |
| ആകെ | 651472 |

വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 55/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ വസ്തു നികുതി കടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10-14 അനധികൃത കെട്ടിടങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235(ഡബ്ല്യു) പ്രകാരം നിയമ വിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടത്തെ പൊളിച്ചു കളയുന്നതിനോ നിർമ്മാണത്തിൽ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 235(എ എ) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യക നമ്പർ, ,കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുതരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 01/24.08.2022 ന് ലഭിച്ച മറുപടിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ലിസ്റ്റിൽ 1മുതൽ 30വരെയുള്ള സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 59 | ചൈന്യത എസ് | കൈത്തറി വസ്ത്രവ്യാപാരം |
| 2 | 194 | എസ്. ആർ. നാഥ് | നിത്യോപയോഗ സാധനങ്ങൾ |
| 3 | 451, 469,B,C,D | പ്രകാശ് പി എൻ | ഹാർഡ്‌വെയർ വ്യാപാരം |
| 4 | 1431, 1440 | ശോഭിത എ | പ്രസ് നോട്ട്ബുക്ക് നിർമാണം |
| 5 | 416 | സത്യശീലൻ കെ | വർക്ക് ഷോപ്പ് |
| 6 | 457 | പ്രകാശ് പി എൻ | കോസ്‌മെറ്റിക് ഐറ്റംസ് |
| 7 | 25 | പാരിഷാ ബി വി | സ്റ്റിച്ചിംഗ് സെന്റർ |
| 8 | 329 | ഹരിമോഹൻ ആർ | ഭക്ഷണശാല |
| 9 | 388 A,b,c | വേണുഗോപാലൻ | പ്രൊവിഷനൽ സ്റ്റോർ |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട 2,4 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 2 | ഉണ്ണികൃഷ്ണൻ | ജെ.എസ്.വെൽഡിംഗ് |

| | | | |
|---|---|---|---|
| 2 | 2 | ശ്രീജേഷ്.ബി.എസ് | ജിദ്ദു മൊബൈൽസ് |
| 3 | 2 | എൻ. സുഭാഷ് | ശിവാലിക് ആയുർവേദിക് |
| 4 | 2 | തുളസീധരൻ.ആർ | തുളസി സ്റ്റോർ |
| 5 | 2 | മാലതി അമ്മ | തനിമ ഫുഡ് പ്രൊഡക്ട്സ് |
| 6 | 2 | അശ്വതി എ. | സച്ചൂസ് ലേഡീസ് & കിഡ്സ് വെയർ |
| 7 | 2 | കെ തുളസീധരൻ | കാർത്തിക ബേക്കറി & സ്റ്റേഷനറി |
| 8 | 2 | സിംന ജെ എസ് | ഷബ്ന്നം മെഡിക്കൽസ് |
| 9 | 4 | ശശിധരൻ | റ്റീഷോപ്പ് |
| 10 | 4 | രമ.ആർ | സുജിത് ഫ്ലവർമിൽ |
| 11 | 4 | ഗോകുൽ.വി | ഫിഷ് ഫീഡ്സ് യൂണിറ്റ് |
| 12 | 4 | സനീഷ് ഖാൻ | എസ്.കെ.സ്റ്റീൽ ഫാബ്രിക്കേഷൻ |
| 13 | 4 | ശ്രീദേവൻ.വി | നിമ്മ സ്റ്റോർസ് പുതുമംഗലം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/24.08.2022ന് മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 15/24.08.2022 ന്റെ മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക്

ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ സ്വകാര്യ ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഫാമിന് 2021-22 വർഷം ലൈവ് സ്റ്റോക്ക് ലൈസൻസ് നൽകിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/24.08.2022ന് മറുപടിയിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2021-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ.15/24.08.2022 ന് ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 500 നായ്ക്കൾ ഉണ്ടെന്നും ഇവയിൽ 70 എണ്ണം ലൈസൻസ് ഉള്ളവയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 32 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/24.08.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-16 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

2021-22 സാമ്പത്തിക വർഷം കിളിമാനൂർ ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇ-ടെണ്ടർ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ആയ 67740/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയതായും പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി 29.04.22 ൽ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതായും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/23.08.2022) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

2019-20, 2020-21 എന്നീ വാർഷിക പദ്ധതികളിൽ ലഭിക്കാനുള്ള ടെണ്ടർ ഫീ യഥാക്രമം 67235/- , 96550/- രൂപ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്നതിന് കത്ത് നൽകിയതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകൾക്ക് എ.എം.സി - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 159/22 |
| പ്രോജക്ടിന്റെ പേര് | കമ്പ്യൂട്ടറുകൾക്ക് എ.എം.സി വെക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 36052 വികസനഫണ്ട് (ജനറൽ) |
| ചെലവ് | 31270 |
| ബിൽ നം | 283/10.03.2022 |

കമ്പ്യൂട്ടറുകൾക്ക് ആനുവൽ മെയിന്റനൻസ് കരാർ വെക്കൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട്

ഗ്രാമപഞ്ചായത്തിലെ 10 കമ്പ്യൂട്ടറുകൾക്ക് 20.01.2022 മുതൽ ഒരു വർഷത്തെ കാലവധിക്ക് വാർഷിക മെയിന്റനൻസ് നടപ്പാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം. IITBG/IIS/RN/21-22/0662 DTD.21.12.2021 മുഖേന കെൽട്രോണിന് 31270/- രൂപ അനുവദിച്ചിട്ടുണ്ട്. 24.09.2010 ലെ സർക്കുലർ നമ്പർ 86/2010/ധന പ്രകാരം കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കണമെന്നും ഓരോ അർദ്ധവർഷത്തിലും പ്രസ്തുത രജിസ്റ്റർ കാലികമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്ററിൽ കമ്പ്യൂട്ടറുകൾ വാങ്ങിയ തീയതി, ബിൽ നം, വാറന്റി കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ വാറന്റി കാലാവധി പൂർത്തിയായ കമ്പ്യൂട്ടറുകൾക്കാണോ എ.എം.സി പുതുക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ എ.എം.സി പുതുക്കിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 11/21-22, 24.08.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ വളരെ കാലപ്പഴക്കമുള്ള കമ്പ്യൂട്ടറുകൾ വാങ്ങിയ തീയതി, ബിൽനമ്പർ, വാറന്റി കാലാവധി എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ രജിസ്റ്ററിൽ രേഖപ്പെടുത്താൻ കഴിയില്ല എന്നറിയിച്ചു. യഥാസമയം കൃത്യമായ പരിപാലനം നടത്തിയിരുന്നുവെങ്കിൽ അപാകതയും അതുവഴി അധികച്ചെലവിനുള്ള സാദ്ധ്യതയും ഒഴിവാക്കാമായിരുന്നു. ഭാവിയിൽ കമ്പ്യൂട്ടറുകളുടെ വാറന്റി കാലാവധി ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18 പത്രപ്പരസ്യം - അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നം | S0004/21 |
| പ്രോജക്ടിന്റെ പേര് | പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1,61,824/- (94,156വി.ഫ/ജനറൽ + 67,668 ത.ഫ) |
| ചെലവ് | 64,610/-വി.ഫ/ജനറൽ |
| ബിൽ നമ്പർ, തീയതി, തുക | 1. 16/21-22, 19000/- , 17.08.2021<br>2.20/21-22, 7382/- 07.09.2021<br>3. 36/21-22, 14764/- 22.12.2021<br>4.48/21-22, 16082/- 28.02.2022<br>5. 55/2021-22, 7382/- 15.03.2022 |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020, ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മലയാളമനോരമ ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലല്ല തുക അനുവദിച്ചത്. മലയാള മനോരമ ഓഫീസിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിൽ സ്ക്വയർ സെന്റീമീറ്ററിന് 370/- രൂപ (855-485=370) നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020,ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം മലയാള മനോരമ തിരുവനന്തപുരം എഡീഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 124 രൂപയാണ് (കാറ്റഗറി ഇ). കൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് പി.ആർ.ഡി. മുഖേന അല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ ടി പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങളിൽ മാത്രം നല്കേണ്ടതാണെന്നും സ്ലോട്ടുകൾ ഉറപ്പിക്കുന്നതിനായി പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധന നല്കാൻ പാടുള്ളൂ എന്ന വ്യവസ്ഥ കർശനമായി പാലിക്കണമെന്നും സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായി സ്ക്വയർ സെന്റീമീറ്ററിന് 370/-രൂപ നിരക്കിൽ വിവിധ ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം | വിസ്തീർണം ($Cm^2$) | നിരക്ക് | ജി. എസ്.ടി (5%) | ബിൽ തുക (@370 +5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക (@124+50% Hike-15% Dis.+5%GST) | വ്യത്യാസം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | KE0434002755/05.08.21 | 19 | 370 | 352 | 7382 | 3154 | 4228 |
| 2 | KG 0438020551/30.10.21 | 19 | 370 | 352 | 7382 | 3154 | 4228 |
| 3 | KH 0440014359/21.11.21 | 19 | 370 | 352 | 7382 | 3154 | 4228 |
| 4 | KK 0444004996/07.01.22 | 19 | 370 | 352 | 7382 | 3154 | 4228 |
| | ആകെ | | | | 29528 | 12616 | 16912 |

മേൽ ബില്ലുകൾ പ്രകാരം ₹ 16912/- അധികം നൽകിയത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 20/ 21-22, 25.08.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിനായി ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പാഥേയം - രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0044/22 |
| പ്രോജക്ടിന്റെ പേര് | പാഥേയം (എസ് സി പി) |
| അടങ്കൽ | 276480 (വി. ഫണ്ട് എസ് സി പി) |
| ചെലവ് | 276480 |
| ബിൽ നമ്പർ | 39/21-22, 17.01.2022 |
| നിർവ്വഹണം | സെക്രട്ടറി |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ജില്ലാപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകുന്നതാണ് പ്രോജക്ട്. അശരണരായ കിടപ്പ് രോഗികൾ, വാർദ്ധക്യ വിഷമതകളാൽ വീടിന് പുറത്തിറങ്ങാൽ പോലും കഴിയാത്തവർ, പരസഹായം ആവശ്യമുള്ള ഭിന്നശേഷിക്കാർ എന്നിവർക്ക് സൗജന്യമായി പൊതിച്ചോർ വീട്ടിലെത്തിച്ച് നൽകുന്നതിനാണ് പ്രസ്തുത പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ 60ശതമാനം ചെലവ് ജില്ലാ പഞ്ചായത്തും 40ശതമാനം ചെലവ് ഗ്രാമപഞ്ചായത്ത് വിഹിതവും ആയിരിക്കും. പ്രസ്തുത പ്രോജക്ടിൽ ഗ്രാമ പഞ്ചായത്തിലെ 48 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒരാൾക്ക് ഒരു ദിവസം 16 രൂപ വീതം 360 ദിവസത്തേക്ക് 276480 എന്ന നിരക്കിലാണ് തുക നൽകിയത്. കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25.01.22 ലെ എ4-101/2022 നമ്പർ കത്ത് പ്രകാരം തുക ഒടുക്കിയതിന്റെ വിശദാംശം കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്.
പാഥേയം പദ്ധതിയിൽ 2021-22 വർഷം ഉൾപ്പെട്ട 48 ഗുണഭോക്താക്കൾക്കും ഭക്ഷണം നൽകിയതിന്റെ വിശദാംശം, തൻ വർഷം പ്രസ്തുത പട്ടികയിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിരുന്നോ, പുതുതായി ആരെങ്കിലും ഉൾപ്പെട്ടിരുന്നോ എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 42/2021-22, 27.08.2022) ക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും വ്യക്തതയില്ല. മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക ₹1675808/- തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. തുകകളുടെ വിനിയോഗ വിവരം സംബന്ധിച്ച് വിശദാംശം ഓഡിറ്റ് എൻക്വയറി (നം. 27/2021-22 26.08.2022, 41/2021-22 27.08.2022) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ.

| പ്രോ നം | പദ്ധതി | സ്ഥാപനം | ബിൽ നമ്പർ | തുക | ഫണ്ടിനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| S0042/22 | ഐ.കെ.എം വിഹിതം നൽകൽ | ഐ.കെ.എം | 17/21-22 19.08.22 69328 | 69328 | വി. ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം |
| S0005/22 | എസ്.എസ്.എ വിഹിതം നൽകൽ | എസ്.എസ്.എ | 26/21-22 06.10.21 30000/-<br>54/21-22 15.03.22 530000/- | 830000 | വി. ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| S0006/22 | എസ്.എസ്.എ വിഹിതം നൽകൽ | എസ്.എസ്.എ | 25/21-22 06.10.21 30000/- | 300000 | വി. ഫണ്ട് എസ് സി പി | വിനിയോഗ സാക്ഷ്യപത്രം |
| S0044/22 | പാഥേയം (എസ് സി പി) | ജില്ലാപഞ്ചായത്ത്, കുടുംബശ്രീ മിഷൻ കോർഡിനേറ്റർ | 39/21-22,17.01.2022 276480 | 276480 | വി. ഫണ്ട് എസ് സി പി | വിനിയോഗ സാക്ഷ്യപത്രം |
| S0081/22 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണത്തിന് തുക നൽകൽ | ചെയർപേഴ്സൺ ആൻഡ് മെമ്പർ സെക്രട്ടറി , ജില്ലാ പ്ലാനിംഗ് ഓഫീസ് | 37/21-22 23.12.21 200000/- | 200000 | വി. ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | | | 1675808 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹1675808/- തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ₹ 2223619/- തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | S0085/2022 | S00134/2022 |
|---|---|---|
| പ്രോജക്ടിന്റെ പേര് | കിളിമാനൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ KWA Pipeline Extension | KWA Pipeline Extension |
| അടങ്കൽ | 1658000 ( CFC Grant) | 565619(CFC Grant) |
| ചെലവ് | 1658000 | 565619 |
| ബിൽ നമ്പർ | 58/21-22, 22.03.2022 - 1658000 | 50/21-22, 11.03.2022 – 455619<br>51/21-22, 11.03.2022 – 110000 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |

കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി സി എഫ് സി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നു. എസ്റ്റിമേറ്റ് (EST No. 2022/ 8621) പ്രകാരം 2223619/- രൂപ 03/2022ൽ ഒടുക്കിയിട്ടുണ്ട്. 26.03.2022 ലെ കരാർ ഉടമ്പടി നമ്പർ 3040/22 വ്യവസ്ഥ 6 പ്രകാരം പ്രസ്തുത പ്രവൃത്തി എസ്റ്റിമേറ്റ് തുക അടച്ച് വിവരം രേഖാമൂലം അറിയിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം കെ ഡബ്ല്യ എ പൂർത്തിയാക്കുന്നതാണെന്നും വ്യവസ്ഥ 8 പ്രകാരം പണി പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും പഞ്ചായത്തിന് നൽകുന്നതാണെന്നും വ്യവസ്ഥ 9 പ്രകാരം ഫൈനൽ ബിൽ തുക പഞ്ചായത്ത് നൽകിയതിലും കുറവാണെങ്കിൽ ബാക്കി വരുന്ന തുക കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ടുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 27/2021-22,26.08.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ എസ്റ്റിമേറ്റ് തുകയുടെ ഒടുക്ക് വിവരം കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചതു സംബന്ധിച്ച വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ₹ 2223619/- തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

| പ്രോജക്ട് നമ്പർ | S0043/2022 |
|---|---|
| പ്രോജക്ടിന്റെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| അടങ്കൽ | 163542 ( Maintenance Grant Non Road) |

| | |
|---|---|
| ചെലവ് | 160721 |
| നിർവ്വഹണം | സെക്രട്ടറി |

കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 13323 രൂപ വീതം അടവാക്കി വരുന്നുണ്ട്. സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് നൽകാത്തതിനാൽ പ്രതിമാസം 13323 രൂപ നിരക്കിൽ നൽകുന്നത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്താൻ ഓഡിറ്റിന് സാധിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി (നം 41/2021-22, 27.08.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് തുക നൽകി- കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 158/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിൽ ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ തുടങ്ങിയവ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200000(156274 വി.ഫ + 43726 ത.ഫ) |
| ചെലവ് | 96949 വി.ഫ |
| ബിൽ നം | 304/ 17-03-2022 |

ഐ.എൽ.ജി.എം.എസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ തുടങ്ങിയവ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC035799/20-21 DTD.28.02.2022 മുഖേന കെൽട്രോണിന് 96949/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക അനുവദിച്ച് 45 ദിവസത്തിനകം ഉപകരണങ്ങൾ ലഭ്യമാക്കും എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 5/21-22, 23.08.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി 02.04.2022,23.05.2022, 13.07.2022 എന്നീ തീയതികളിൽ മാനേജർ, കെൽട്രോണിന് ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ തുടങ്ങിയവ അടിയന്തിരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിയിലും ഇവ ലഭ്യമായിട്ടില്ല. ഹൈ സ്പീഡ് സ്കാനർ, പ്രിന്റർ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

സ. ഉ (കൈ) നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1),(2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 3-9-2010 തീയതിയിലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 8/21-22, 24.08.2022)ക്ക് നൽകിയ മറുപടിയിൽ അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ 2022-23 വച്ചിട്ടുള്ളതായി അറിയിച്ചു. നിലവിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 6 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 4 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 23 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 0 |
| 6 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | 0 |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആറ് അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-25 ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന സമയബന്ധിതമായി നടത്തുന്നില്ല

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശപ്രകാരം 2021-22 കാലയളവിൽ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ച തീയതി, ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം ലഭിച്ച തീയതി എന്നിവയുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 9/2021-22 24.08.2022) ക്ക് നൽകിയ മറുപടിയിൽ 19.10.2020 ലെ പരിശോധിച്ച റിപ്പോർട്ട് ഹാജരാക്കി. കൂടാതെ 2022 ജൂലൈ മാസം ന്യൂട്രിമിക്സ് സാമ്പിൾ പരിശോധനയ്ക്ക് അയച്ചതായും അറിയിച്ചു. 2021-22 വർഷം സാമ്പിൾ പരിശോധന നടത്തിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സമയബന്ധിതമായി ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധന നടത്തേണ്ടതുമാണ്.

## 1-26 കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി - നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S0065/2021-22 |

<table>
<tr><td>പ്രോജക്ടിന്റെ പേര്</td><td colspan="6">കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി</td></tr>
<tr><td>അടങ്കൽ</td><td colspan="6">2,50,000 ( വി.ഫ.ജ.)<br>4,25,000 ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>4,25,000 ( ജില്ലാ പഞ്ചായത്ത് വിഹിതം)<br>13,48,000 ( മറ്റുള്ളവ)</td></tr>
<tr><td rowspan="3">ചെലവ്</td><td colspan="3">ഒന്നാം വിള</td><td colspan="3">രണ്ടാം വിള</td></tr>
<tr><td>വികസന ഫണ്ട്</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>വികസന ഫണ്ട്</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td></tr>
<tr><td>146277</td><td>235705</td><td>235705</td><td>99134</td><td>167688</td><td>167688</td></tr>
<tr><td>ബിൽ നമ്പർ</td><td colspan="6">01/21-22 തീയതി 16/07/21 തുക 100800/-<br>02/21-22 തീയതി 09/08/21തുക 206550/-<br>03/21-22 തീയതി 02/10/21തുക 29155/-<br>04/21-22 തീയതി 09/04/21 തുക 45477/-<br>05/21-22 തീയതി 09/11/21തുക 66780/-<br>09/21-22 തീയതി 24/12/21തുക 235705/-<br>14/21-22 തീയതി 13/01/22തുക 32354/-<br>15/21-22 തീയതി 27.1.22തുക 167688/-<br>നമ്പർ ഇല്ല തീയതി 22/03/22തുക 167688/-</td></tr>
<tr><td>നിർവ്വഹണം</td><td colspan="6">കൃഷി ഓഫീസർ</td></tr>
</table>

നെൽകൃഷി ചെയ്യുന്ന പാടസേഖരസമിതികൾക്ക് ഒന്നാം വിളയ്ക്കും രണ്ടാം വിളയ്ക്കും വിത്ത് വാങ്ങി നൽകുന്നതിനും , കൂലി ചെലവ്, ജൈവവളം എന്നിവയ്ക്ക് സബ്സിഡി നൽകുന്നതിനുമായി നടപ്പാക്കിയ "കേദാരം - സമഗ്ര നെൽകൃഷി വികസന പദ്ധതി" പ്രകാരമുള്ള പാടശേഖരങ്ങളുടെ ആകെ വിസ്തീർണ്ണത്തിൽ വിത്ത് വിതരണ രജിസ്റ്ററും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകളും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പാടശേഖര സമിതിയുടെ പേര് | വിത്ത് വിതരണ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം ( ഹെക്ടറിൽ) | | കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരമുള്ള വിസ്തീർണ്ണം ( ഹെക്ടറിൽ) | | വ്യത്യാസം ( ഹെക്ടറിൽ) | |
|---|---|---|---|---|---|---|
| | ഒന്നാം വിള | രണ്ടാം വിള | ഒന്നാം വിള | രണ്ടാം വിള | ഒന്നാം വിള | രണ്ടാം വിള |
| ആലത്ത്കാവ് പാടശേഖര സമിതി | 6.84 | 5.4 | 6.84 | 5.4 | - | - |
| മലയാമഠം പാടശേഖര സമിതി | 6.8 | 7 | 6.8 | 7 | - | - |
| പോങ്ങനാട് പാടശേഖര സമിതി | 1.51 | 1.43 | 1.51 | 1.43 | - | - |
| നിലമൺമൂഴി പാടശേഖര സമിതി | 4.5 | 0.84 | 3.04 | 0.84 | 1.46 | - |
| ചൂട്ടയിൽ പാടശേഖര സമിതി | 4.05 | 3.5 | 3.24 | 3.228 | .81 | .272 |
| മലയ്ക്കൽ പാടശേഖര സമിതി | 2 | 0.3 | 2 | 0.3 | - | - |
| കർഷക സേവ പാടശേഖര സമിതി | 2 | 1.53 | 2 | 1.53 | - | - |

| | | | | | | |
|---|---|---|---|---|---|---|
| വാലഞ്ചേരി പാടശേഖര സമിതി | 2.3 | - | 2.3 | - | - | - |
| ആകെ | 30 | 20 | 27.73 | 19.728 | 2.27 | .272 |

മേൽ പട്ടിക പ്രകാരം ഒന്നാം വിളയിൽ 2.27 ഹെക്ടറിനും രണ്ടാം വിളയിൽ .272 ഹെക്ടറിനുമായി (ഒരു ഹെക്ടറിന് 80 Kg വിത്ത് ) 203.36 Kg (@Rs.42/kg) വിത്ത് അധികമായി വിതരണം ചെയ്തിട്ടുണ്ട് . ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (29/21-22 തീയതി 26.08.2022) യ്ക്ക് മറുപടിയായി ഒന്നാം വിള സമയത്ത് നിലമൺമൂഴി പാടശേഖര സമിതിയുടെ 1.46 ഹെക്ടർ , ചൂട്ടയിൽ പാടശേഖര സമിതിയുടെ .54 ഹെക്ടർ സ്ഥലങ്ങളിലെ നെൽകൃഷി വെള്ളം കയറി നശിച്ചു എന്നും ആയതിനാൽ പ്രസ്തുത പാടശേഖര സമിതികളിലെ ബന്ധപ്പെട്ട കർഷകർക്ക് കൂലി ചെലവ് , ജൈവവളം സബ്സിഡികൾ നൽകാത്തതാണ് വിത്ത് വിതരണ രജിസ്റ്ററും കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിസ്തീർണ്ണവുമായുള്ള വ്യത്യാസത്തിന് കാരണമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ചൂട്ടയിൽ പാടശേഖരസമിതിയിലെ ദാനു എന്ന കർഷകനു .272 ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഒന്നാം വിള, രണ്ടാം വിള സമയങ്ങളിൽ വിത്ത് നൽകിയിട്ടുണ്ടെന്നും ടിയാന് ആധാർ ഇല്ലാത്തതിനാൽ കൂലി ചെലവ് , ജൈവവളം സബ്സിഡികൾ നൽകാൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. വിത്ത് വിതരണം ചെയ്യുന്നതിന് മുൻപ് തന്നെ പ്രസ്തുത വ്യക്തിക്ക് ആധാർ കാർഡ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. കൃഷി ആവശ്യത്തിനായി ലഭ്മയാകുന്ന ഗ്രാന്റ് തുകകൾ ഫലപ്രദമായി പൂർണമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 ആട്ടു വളർത്തൽ (ജനറൽ) – അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന വിവരം ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0018/2021-22 |
| പ്രോജക്റ്റിന്റെ പേര് | ആട്ടു വളർത്തൽ (ജനറൽ) |
| അടങ്കൽ | 6,00,000 ( വി.ഫ.ജ)<br>6,00,000 ( മറ്റുള്ളവ) |
| ചെലവ് | 3,60,000 ( വി.ഫ.ജ) |
| ബിൽ നമ്പർ | 166/19.12.21 തുക 1,28,000/-<br>178/22.12.21 തുക 1,20,000/-<br>271/02.03.22 തുക 1,12,000/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

ആറ് മുതൽ എട്ട് മാസം പ്രായമുള്ള 2 ആടുകളെ വാങ്ങുന്നതിന് 8000/ - രൂപ സബ്സിഡി ആയി നൽകുന്ന മേൽ പദ്ധതി മുഖേന വാങ്ങുന്ന ആടുകളെ പാർപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് കൂട് ഉണ്ടെന്ന വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി ( 31/21-22 തീയതി 26.08.2022) യുടെ മറുപടിയിൽ ആട്ടു വളർത്തൽ പദ്ധതി പ്രകാരം വാങ്ങിയ ആടുകളെ ഗുണഭോക്താക്കളുടെ വീടുകളിൽ പോയി ഇൻഷ്വർ ചെയ്ത വേളയിൽ , അവയെ പാർപ്പിക്കുന്നതിന് കൂട് ഉള്ളതായി നേരിട്ട് കണ്ട് ബോധ്യപ്പെട്ടിരുന്നുവെന്നും എന്നാൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതാണെന്നും തുടർന്ന് ഇത്തരം പിഴവുകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്റ്റ് നിബന്ധനകൾ നിർവഹണ ഉദ്യോഗസ്ഥൻ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-28 ന്യൂലൈഫ് ഭവന പദ്ധതി - നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | S0050/22 |
| പ്രോജക്റ്റിന്റെ പേര് | ന്യൂലൈഫ് ഭവന പദ്ധതി |

| | |
|---|---|
| നിർവഹണം | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 2000000 (800000ത.ഫ, 400000/- ബ്ലോ.പ 800000 ജി.പ/-) |
| ചെലവ് | 1040000 (800000ത.ഫ+ 240000 ജി.പ) |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം . 2021-22 വർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഭവനപുനരുദ്ധാരണത്തിനായി പയ്യടലക്ഷം വീട് കോളനിയിലെ എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ പത്ത് ഗുണഭോക്താക്കൾക്കും ആദ്യ ഗഡുവായി 80000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.ഓഡിറ്റ് എൻക്വയറി (നമ്പർ - 16 21-22, 24.08.2022) ക്ക് മറുപടിയായി 14.02.2018ലെ സ.ഉ(കൈ)നമ്പർ 22/ 2018 തസ്വഭവ സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലാണ് 50% തുക മുൻകൂറായി നൽകിയത് എന്നറിയിച്ചു. എന്നാൽ ന്യൂലൈഫ് മാർഗ്ഗരേഖയിൽ നാലു തവണകളായി നൽകേണ്ട തുകകളുടെ വിവരം വിശദമായി നൽകിയിട്ടുണ്ട്.

2) പ്രോജക്ട് മാർഗരേഖ പ്രകാരം ഓരോ സ്റ്റേജും വി.ഇ.ഒ സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. എന്നാൽ വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ ശ്രീ സുകുമാരൻ, ശ്രീ തുളസി, ശ്രീമതി പാച്ചി, ശ്രീമതി കുഞ്ഞി, ശ്രീമതി ലളിത എന്നിവർക്ക് രണ്ടാം ഗഡു അനുവദിച്ചു നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (നമ്പർ - 16 21-22, 24.08.2022) ക്ക് മറുപടിയായി സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ചേർത്ത് അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു

ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ന്യൂലൈഫ് ഭവന പദ്ധതി : പൂർത്തിയാക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം | 47/2021-22 |
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം - (എസ് സി പി) |
| നിർവഹണം | വി.ഇ.ഒ (സർക്കിൾ II) |
| അടങ്കൽ | 40,00,000 (വി. ഫണ്ട് - എസ് സി പി) |
| ചെലവ് | 2832000 |

ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട എസ്.സി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന ക്രമത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് വേണ്ടി 100000/- രൂപ നിരക്കിൽ 40 പേർക്ക് നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഫയൽ പരിശോധിച്ചതിൽ രണ്ട് ഗുണഭോക്താക്കൾ വീട് വാസ യോഗ്യമാക്കൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. വിശദാംശം ചുവടെ.

1. ശ്രീമതി രാധ, തോപ്പിൽ വീട്, മുളയ്ക്കലത്ത് കാവ്, (വാർഡ് V) ആദ്യ തവണത്തെ തുകയായ 50000/- രൂപ 29.12.2021ൽ (ബിൽ നമ്പർ 03/2021-22) കൈപ്പറ്റിയിട്ടുണ്ട്.

2. ശ്രീമതി മാധവി, വട്ടവിള കിഴക്കതിൽ വീട്, ചൂട്ടയിൽ ആദ്യ തവണ 50000/- രൂപ (ബിൽ നമ്പർ 15/2021-22) 17.03.22ന് കൈപ്പറ്റിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി (നമ്പർ - 44/2021-22 27.08.2022) ക്ക് മറുപടിയായി പ്രസ്തുത പദ്ധതി സ്പിൽ ഓവറായി 2022-23 വർഷം നടപ്പിലാക്കുന്നുണ്ടെന്നും മേൽ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0014/2021-22 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 3,00,000 ( വി.ഫ.ജ)<br>3,00,000 ( സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>6,00,000 ( മറ്റുള്ളവ) |

| | |
|---|---|
| ചെലവ് | 3,00,000 ( വി.ഫ.ജ) |
| ബിൽ നമ്പർ | 153 തീയതി 30/11/2021 തുക 300000/- |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മേൽ പദ്ധതി പ്രകാരം നാല്ല മുതൽ ആറു മാസം വരെ പ്രായമുള്ള കന്നുക്കുട്ടികളെ തിരഞ്ഞെടുത്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയതിന്ന ശേഷം 25 % സബ്സിഡിയിൽ മാസം തോറും കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി 3,00,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് 30/11/2021 ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ അവസാന മൂന്ന് വർഷങ്ങളിലെ വിനിയോഗ വിവരം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (30/2021-22 തീയതി 26.08.2022) യ്ക്ക് മറുപടിയായി 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം രജിസ്റ്റർ ചെയ്ത 24 കന്നുകട്ടികൾക്കും കാലിത്തീറ്റ സബ്സിഡി നൽകിയിട്ടുണ്ടെന്നും 22560/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതും 2021-22 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 എഫ്.എച്ച്.സി യിലെ ആംബുലൻസ് റിപ്പയറിങ് - തുക വകമാറ്റി ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0035/2021-22 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സിയിലെ ആംബുലൻസ് റിപ്പയറിങ് |
| അടങ്കൽ | 60000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 58560/- |
| ബിൽ നമ്പർ | 11/2021-22 തീയതി07.07.2021 തുക 16486/-<br>12/2021-22 തീയതി 07.07.2021 തുക (8064/-)<br>31/2021-22 തീയതി 01.01.2022 തുക( 34010 /- ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി ആംബുലൻസിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ മെയിന്റനൻസിന് 40000/-, ഇൻഷുറൻസിന് 20000/- എന്നിങ്ങനെ മെയിന്റനൻസ് ഫണ്ടിൽ നിന്നും ( റോഡിതരം) 60000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 16486/- രൂപ ആംബുലൻസിന്റെ അറ്റകുറ്റപണികൾക്കും (11/2021-22 തീയതി07.07.2021), 8064/- രൂപ ഇൻഷുറൻസിനുമായി ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 31/2021-22 തീയതി 07.07.2021പ്രകാരം കിളിമാനൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ TATA SUMO വാഹനത്തിന്റെ ( KL 16G 5005) അറ്റകുറ്റപണികൾക്ക് " Lal Auto General Engineering Works "ന് 34010/- രൂപ കൈമാറിയതായി കാണുന്നു. ഇത്തരത്തിൽ എഫ്.എച്ച്.സി ആംബുലൻസിന്റെ മെയിന്റനൻസിന് വകയിരുത്തിയ തുകയിൽ നിന്നും മെഡിക്കൽ ഓഫീസറുടെ ഔദ്യോഗിക വാഹനം അറ്റകുറ്റപ്പണി നടത്തുന്നതിനായി പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും, ഇല്ലെങ്കിൽ തുക വകമാറ്റി ചെലവഴിച്ചതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 36/21-22 തീയതി 27.08.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നടത്തിയ 34010/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 എഫ്.എച്ച്.സി യിലേയ്ക്ക് റീഏജന്റ് വാങ്ങൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0039/2021-22 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി യിലേയ്ക്ക് റീഏജന്റ് വാങ്ങൽ |
| അടങ്കൽ | 1,00,000/- ( മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 98,740 /- ( മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നം. | 5/2021-22 തീയതി 09.06.2021 തുക 46207/-<br>17/2021-22 തീയതി 11.08.2021 തുക 14334/- |

| | |
|---|---|
| | 35/2021-22 തീയതി 07.02.2022 തുക 33119/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി യിലേയ്ക്ക് റീഏജന്റ് വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷം 1,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) വകയിരുത്തിയിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷം റീഏജന്റ് വാങ്ങിയ ഇനത്തിൽ ചെലവായ തുക മേൽ പ്രോജക്ടിൽ വകയിരുത്തിയ ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| B2C/00498/20-21 | 09.06.2020 | 5155 |
| B2C/01348/20-21 | 08.10.2020 | 2563 |
| B2C/01538/20-21 | 02.11.2020 | 4076 |
| B2C/01717/20-21 | 23.11.2020 | 4673 |
| B2C/01957/20-21 | 21.12.2020 | 6408 |
| B2C/02073/20-21 | 04.01.2021 | 5741 |
| B2C/02509/20-21 | 17.02.2021 | 1967 |
| B2C/02877/20-21 | 19.03.2021 | 8279 |
| EC/2529 | 29.11.2021 | 7345 |
| ആകെ | | 46207 |

ഇത്തരത്തിൽ 2020-21 കാലയളവിൽ വാങ്ങിയ റീഏജന്റുകളുടെ തുക 2021-22 സാമ്പത്തിക വർഷം മേൽ പ്രോജക്ടിൽ വകയിരുത്തിയ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനായി പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഇത്തരത്തിൽ തുക ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(37/21-22 തീയതി 27.08.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തേയ്ക്ക് വകയിരുത്തിയ തുകയിൽ നിന്നും 2020-21 -ലെ ഇൻവോയ്സ് പ്രകാരം ചെലവ് ചെയ്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭിക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0013/22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 249989(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 249989 |
| ബിൽ നമ്പർ | 145/11.11.2021 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹249989/- ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. LF-2714 തീയതി 18.03.2022 പ്രകാരം 84013/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 1/21-22 തീയതി 22.08.2022 )യ്ക്ക് മറുപടിയായി ബാക്കിയുള്ള 165976/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനായി

ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ ഇൻഡന്റുകൾ ഹോംകോയുടെ ക്യൂലിസ്റ്റിൽ ആണെന്നും കിളിമാനൂർ ഡിസ്പെൻസറി ഇൻഡന്റ് ലിസ്റ്റിൽ 457 ആണെന്നും ക്യൂ ലിസ്റ്റിൽ സീനിയോറിറ്റി എത്തുന്ന മുറയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 165976/- രൂപയുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-34 പകർച്ച വ്യാധി പ്രതിരോധം - മരുന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0019/22 |
| പ്രോജക്ടിന്റെ പേര് | പകർച്ച വ്യാധി പ്രതിരോധം |
| അടങ്കൽ | 50,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 50,000/- |
| ബിൽ നമ്പർ | 03/2021-22 തീയതി 27.07.2021 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിലേയ്ക്ക് പകർച്ച വ്യാധി പ്രതിരോധത്തിന് ആയുർവേദ മരുന്ന് വാങ്ങി രോഗികൾക്ക് സൌജന്യമായി നൽകുന്നതിനായി നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായി ബിൽ നം. 03/2021-22 തീയതി 28.07.2021 പ്രകാരം 50000/- രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. വിവിധ ഇൻവോയിസുകൾ പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | തുക | മരുന്ന് സ്റ്റോക്കിലെടുത്ത തീയതി |
|---|---|---|
| 90222265/31.08.2021 | 26651 | 16.09.2021 |
| 90226386/19.10.2021 | 9903 | 19.10.2021 |
| 90229870/19.11.2021 | 1785 | 19.11.2021 |
| 90238294/ 27.12.2021 | 11662 | 26.02.2022 |

മേൽ ഇൻവോയ്സുകൾ പ്രകാരം ലഭിച്ച മരുന്നുകൾ ഇൻഡന്റ് നം. 01/22-23 പ്രകാരം 10.04.2022 തീയതിയിലും ഇൻഡന്റ് നം. 02/22-23 പ്രകാരം 20.08.2022 ലും സബ് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും "അമൃതോത്തരം കഷായ സൂക്ഷ്മ ചൂർണ്ണം " - 30 പാക്കറ്റ്, “ഇന്ദുകാന്തഘൃതം” - 7 ബോട്ടിൽ എന്നിവ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/21-22 തീയതി 24.08.2022) യ്ക്ക് ആയൂർവേദ വകുപ്പിൽ നിന്നും കോവിഡ് - 19 പ്രതിരോധത്തിനായി രണ്ട് പദ്ധതികൾ പ്രകാരം മുൻവർഷം മരുന്നുകൾ ലഭ്യമാക്കിയിരുന്നുവെന്നും ആയത് രോഗികൾക്ക് വിതരണം ചെയ്തതിനാലാണ് പഞ്ചായത്ത് ഫണ്ട് വഴി വാങ്ങിയ മരുന്നുകൾ ഉപയോഗത്തിലെടുക്കാതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന് ശേഷം മാത്രമാണ് മരുന്നുകൾ വാങ്ങിക്കുന്നതിനായി തുക അനുവദിക്കുന്നത്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. മരുന്നുകൾ ആവശ്യാനുസരണം മാത്രം വാങ്ങുന്നതിന് പ്രോജക്റ്റ് രൂപീകരണ വേളയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/26.08.2022) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശാനുസരണം പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-36 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കിളിമാനൂർ ഗ്രാമ

പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ - 34/26.08.2022 ) മറുപടി ലഭ്യമാക്കിയില്ല. ആസ്തി രജിസ്റ്റർ അടിയന്തിരമായി കാലികമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 പ്രോക്യൂർമെന്റ് കമ്മിറ്റി മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല.

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം ഗ്രാമ പഞ്ചായത്ത് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ഉത്തരവ് പ്രകാരം വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം രണ്ട് പ്രാവശ്യം (22.09.21, 12.10.21)മാത്രമാണ് ചേർന്നത്. ഇതിൽ 22.09.21 ലെ യോഗത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതുള്ള തീരുമാനിക്കുകയാണുണ്ടായത്. 12.10.21 ൽ ചേർന്ന യോഗത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണോദ്യാഗസ്ഥന്യായി മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതി പ്രകാരം ( എസ്.സി വനിത, ജനറൽ) അംഗീകൃത ഫാമുകളിൽ നിന്നും 60 ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങുവാൻ തീരുമാനിച്ച വിഷയം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന ചുവടെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പ്രോക്വയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടന്നിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നിർവ്വഹണം |
|---|---|---|
| 1 | 72/21-22- ഗ്രോ ബാഗിൽ പച്ചക്കറി കൃഷി(വനിതകൾക്ക്) | കൃഷി ഓഫീസർ |
| 2 | 14/21-22- ആട്ട വളർത്തൽ ജനറൽ | വെറ്ററിനറി സർജൻ |
| 3 | 127/21-22-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (എസ്.സി.) | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 4 | 79/21-22- അങ്കണവാടികളിലേയ്ക്ക് അലമാര വാങ്ങി നൽകൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 5 | 149/21-22- ബഡ്സ് സ്കൂളിന് ഭൗതിക സാഹര്യം ഒരുക്കൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഭാവിയിൽ പദ്ധതികളുടെ നിർവ്വഹണത്തിൽ വാങ്ങൽ പ്രക്രിയ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 25/26.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ അടിയന്തിരമായി ദുരിതാശ്വാസ നിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.03/23.08.2022)മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ 2021-22ൽ നടപ്പാക്കിയ 41 പ്രവൃത്തികളിൽ ചുവടെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 25/21-22 | ആറ്റൂർ മൃഗാശുപത്രിക്ക് ഇന്റർലോക്ക്, ടോയ്ലെറ്റ് അറ്റകുറ്റപ്പണികൾ |
| 8/2 | 08/21-22 | കളിയിലഴികത്ത് അപ്പൂപ്പൻ നട റോഡ് റീടാറിംഗ് |
| 3 | 01/21-22 | ആലത്തുകാവ് പാറയിൽ കട റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ |
| 4 | 87/21-22 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പൊതു ടോയ്ലെറ്റ് സമുച്ചയം |
| 5 | 112/21-22 | ചാവരുപച്ച പേരയിൽ തററ്റയിൽ റോഡ് റീടാറിംഗ് |
| 6 | 100/21-22 | ഒലിപ്പിൽ കീഴ് മണ്ണടി റോഡ് മാടൻ നട എള്ളുവിള റോഡ് റീടാറിംഗ് |
| 7 | 118/21-22 | കിളിമാനൂർ എൽ.പി.എസ് പുനരുദ്ധാരണം |
| 8 | 108/21-22 | മിനി എം.സി.എഫ്. |
| 9 | 121/21-22 | കിളിമാനൂർ ഗവ.എൽ.പി.എസിൽ ടോയ്ലെറ്റ് നിർമ്മാണം |
| 10 | 101/21-22 | പുലിക്കോട് റോഡ് ഫോർമേഷൻ |
| 11 | 123/21-22 | മിനി എം.സി.എഫ്. വാർഡ് 1 |
| 12 | 120/21-22 | ചെങ്കിക്കുന്ന് വിവിഎൽപിഎസിൽ മതിൽ മെയിന്റനൻസും യാർഡ് നവീകരണവും |
| 13 | 13/21-22 | വിളക്കാട്ടുകോണം റോഡ് റീടാറിംഗ് |

ക്രമനമ്പർ (5) ചാവരുപച്ച പേരയിൽ തററ്റയിൽ റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ റീടാറിംഗ് പ്രവൃത്തികൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത് . ക്വട്ടേഷൻ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ. നാദിർഷാൻ എന്ന കരാറുകാരന് അനുവദിച്ചു നൽകി. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 32 മീറ്റർ കോൺക്രീറ്റ് ചപ്പാത്ത് നിർമ്മിക്കുന്നതിനും 75 മീറ്റർ നീളത്തിൽ റോഡിന്റെ ഇരുവശത്തും സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

ക്രമനമ്പർ (6) ക്വട്ടേഷൻ പ്രകാം എസ്റ്റിമേറ്റ് നിരക്കിൽ കരാർ ചെയ്യപ്പെട്ട ഒലിപ്പിൽ കീഴ് മണ്ണടി റോഡ് മാടൻ നട എള്ളുവിള റോഡ് റീടാറിംഗ് എന്ന പ്രവത്തിയിൽ പ്രവൃത്തി ഇനം 6 പ്രകാരം 6.750 M3 മാത്രമായിരുന്നു കോൺക്രീറ്റ് (11.4.3.1). എന്നാൽ എസ്റ്റിമേറ്റ് പുതുക്കി കോൺക്രീറ്റിംഗ് പ്രവൃത്തി 28.98 M3അധികമായി ഉൾപ്പെടുത്തിയതിനാൽ 53633.34 രൂപയിൽ നിന്നും പ്രസ്തുത ഇനത്തിന്റെ ചെലവ് 230265.80 ആയി വർദ്ധിച്ചു.

മതിയായ സ്ഥല പരിശോധന കൂടാതെയാണ് മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാരാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ക്രമ നം. (5), (6) പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ആദ്യമേ തന്നെ കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയിരുന്നെങ്കിൽ ടെണ്ടർ ചെയ്തപ്പോൾ തന്നെ കുറഞ്ഞ നിരക്കിൽ കരാർ ചെയ്യപ്പെടാൻ സാധ്യത ഉണ്ടായിരുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 52/ 29.08.2022) അസി.എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. (5) , (6) പ്രകാരമുള്ള പ്രവത്തികൾ ടെണ്ടർ, റീ ടെണ്ടർ എന്നിവ നടത്തിയിട്ടും കരാറുകാർ ഏറ്റെടുത്തിട്ടില്ലാത്തതാണെന്നും, ടി റോഡുകൾ ഏകദേശം ഇരുപത് വർഷക്കാലമായി മെയിന്റനൻസ് നടത്തിയിട്ടില്ലാത്തതാണ് എന്നും സാമ്പത്തിക വർഷാവസാനക്കാലത്തെ തിരക്കു കാരണം കൃത്യമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ് എന്നുമാണ് മറുപടി നല്കിയത്.

ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും എസ്റ്റിമേറ്റിൽ ശരിയായ ഇനങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതും എസ്റ്റിമേറ്റുകൾ പുതുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-41 എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ആവശ്യമായ കിലോമീറ്റർ നിർണ്ണയിച്ചതിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം. | 23/21-22 |
| പ്രോജക്ടിന്റെ പേര് | എൽ.എസ്.ജി.ഡി. ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ |
| കരാറുകാരൻ | ശ്രീ. അഖിൽ ബാബു |
| അടങ്കൽ തുക | 295744/- മെയി. നോൺ റോഡ് |
| ചെലവുതുക | 196790/- |
| കരാർ നംപർ, തീയതി | 01/AGMT/AE/LSGD/KMR/2021-22 Dated 04.08.2021 |

മേൽ പദ്ധതി പ്രകാരം KL-01-CA- 7573 എന്ന ടൊയോട്ട എത്തിയോസ് മോഡൽ വാഹനം പ്രതിമാസം 1500 കി മീ വരെ 24900/- രൂപാ നിരക്കിൽ 08/21 മുതൽ 3/22 വരെ വാടകയ്ക്ക് എടുത്തിരുന്നു. 1500 കിലോ മീറ്ററിൽ അധികമുള്ള ഓരോ കിലോ മീറ്ററിനും 15 രൂപ ക്രമത്തിലാണ് കരാറിലേർപ്പെട്ടിരുന്നത്.

പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2021-22 വർഷത്തിൽ ഒരു മാസം പോലും 1500 Km വാഹനം ഉപയോഗിച്ചിട്ടില്ല എന്നു കണ്ടു.

| 08/21 | 09/21 | 10/21 | 11/21 | 12/21 | 01/22 | 02/22 | 03/22 |
|---|---|---|---|---|---|---|---|
| 778 Km | 978km | 550km | 792km | 981km | 735km | 1036km | 911km |

08/21 മുതൽ 3/22 വരെയുള്ള ശരാശരി വാഹന ഉപയോഗം 845 Km മാത്രമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 50/29.08.2022) ലഭ്യമാക്കിയ മറുപടിയിൽ ടി വാഹനം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മുഴുവൻ സമയവും എ.ഇ. ഓഫിസിൽ ലഭ്യമാണ് എന്നും മരാമത്ത് പ്രവൃത്തികൾ നടക്കുന്ന സമയത്ത് രാവിലെ 8 മണി മുതൽ 8മണി വരെ അവധി ദിവസങ്ങൾ ഉൾപ്പെടെ ലഭ്യമാണ് എന്നും ഓടുന്ന കിലോമീറ്ററിനധികമായി എഞ്ചിനീയറിംഗ് സെക്ഷന്റെ കാര്യമായ പുരോഗതിക്ക് പ്രസ്തുത വാഹന സൗകര്യം മൂലം ലഭ്യമാകുന്നുണ്ട് എന്നാണ് അറിയിച്ചത്.

വാഹനത്തിന്റെ ഏകദേശ ശരാശരി ഉപഭോഗം മുൻകൂട്ടി കണക്കാക്കി ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിൽ പ്രതിമാസ കരാർ തുക ഇതിലും കുറയുവാൻ സാധ്യതയുണ്ടായിരുന്നുവെന്ന് വിലയിരുത്തുന്നു. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-42 'ടേക്ക് എ ബ്രേക്ക്'- പ്രവർത്തനം ആരംഭിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 ൽ നിർവ്വഹണം നടത്തിയ ടേക്ക് എ ബ്രേക്ക് ( പ്രോജക്ട് നം. 124/21-22) . കിളിമാനൂർ ഗ്രാമ പഞ്ചായത്തിലെ പോങ്ങനാട് എന്ന സ്ഥലത്താണ് ആയതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. ഫയൽ പരിശോധിച്ചതിൽ കോഫീ ഷോപ്പ് സ്ത്രീകൾക്കും പുരുഷൻമാർക്കും രണ്ട് വീതം ടോയ്ലറ്റുകൾ, അംഗ പരിമിതർക്കുള്ള ടോയ് ലറ്റ്, വാഷ് ബേസിനുകൾ ഫീഡിംഗ് റൂം, സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ മുതലായവ നിർമ്മിച്ചതായി കാണുന്നു.

പ്രസ്തുത പദ്ധതി പ്രകാരം ആകെ 1229025/- രൂപ വകയിരുത്തിയതിൽ 911109/ രൂപ ചെലവഴിച്ച് സിവിൽ വർക്കുകളുടെ നിർമ്മാണവും ഇലക്ട്രിക്ക് വർക്ക് പ്രവൃത്തികളും പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

എന്നാൽ 'ടേക്ക് എ ബ്രേക്ക്' ഇതു വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 46/27.08.2022) മറുപടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. 911109/ രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പ്രവർത്തനം ആരംഭിക്കാത്തതിനാൽ നിലവിൽ അത് നിഷ്ക്രിയ ആസ്തിയായി തുടരുന്നു,

'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മാണം പൂർത്തികരിച്ച കെട്ടിടം പൊതുജനങ്ങൾക്ക് പ്രയോജനകരപ്രദമാം വിധം പ്രവർത്തനം ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 ഖരമാലിന്യ സംസ്കരണം - ആക്ഷൻ പ്ലാൻ നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണസ്ഥാപനപരിധിയിലുള്ള മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും D2D (Door To Door) കവറേജ് വികസിപ്പിക്കുന്നതിനും എം.സി.എഫുകളിലേക്ക് വരുന്ന അജൈവമാലിന്യത്തിന്റെയും (Non-biodegradable Waste) ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന അജൈവമാലിന്യത്തിന്റെയും അളവ് തിട്ടപ്പെടുത്തുന്നതിനായി തൂക്കം അളക്കുന്നതിനുള്ള സംവിധാനം (Weighing Machine) അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും എം.സി.എഫുകളിലേക്ക് വരുന്ന മാലിന്യത്തിന്റെയും ആർ.ആർ.എഫുകളിൽ നിന്നും പുറത്തേക്ക് പോകുന്ന മാലിന്യത്തിന്റെയും അളവ് രേഖപ്പെടുത്തുന്നതിനായി വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ (Waste Quantification Register) എം.സി.എഫുകളിലും ആർ.ആർ.എഫുകളിലും സൂക്ഷിക്കുന്നതിനും പ്രസ്തുത രജിസ്റ്റർ ദിനംപ്രതി പരിശോധിച്ച് ആധികാരികമാക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തിയും 30.07.2021 ജനറൽ കമ്മറ്റി തീരുമാനം 1 (1) പ്രകാരം തീരുമാനിച്ചിരുന്നു.

അജൈവമാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായോ ക്ലീൻ കേരള കമ്പനി നൽകുന്ന തുകയേക്കാൾ അധികം തുക നൽകാൻ തയ്യാറുള്ള സ്വകാര്യസ്ഥാപനങ്ങളുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുമായോ കരാറിൽ ഏർപ്പെടുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ മാത്രം അപ്രകാരമുള്ള സ്വകാര്യസ്ഥാപന ങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രസ്തുത കരാർ പ്രകാരം ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യസ്ഥാപനങ്ങൾക്കോ കൈമാറുന്ന മാലിന്യത്തിന്റെ അളവ് വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ എല്ലാ മാസവും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും മേൽ കമ്മിറ്റി തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു.

ലെഗസിമാലിന്യങ്ങൾ കുമിഞ്ഞുകൂടിക്കിടക്കുന്ന സൈറ്റുകൾ (Legacywaste Sites) എത്രയും വേഗം വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇപ്രകാരം നിർമ്മാർജ്ജനം ചെയ്യേണ്ട മാലിന്യത്തിന്റെ അളവ് ശാസ്ത്രീയമായി നിർണയിക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ബയോമൈനിംഗ് രീതിയിൽ മാലിന്യനിർമ്മാർജ്ജനത്തിനായുള്ള പരിഹാരം കാണുന്നതിനും , ഹോട്ടലുകൾ, അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള വലിയ തോതിലുള്ള ജൈവ മാലിന്യം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അവ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്നോ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ക്ഷമതയുള്ളതായി പ്രാദേശിക സർക്കാരിന്റെ സർട്ടിഫിക്കേഷനുള്ള സ്ഥാപനം മുഖേന സംസ്കരിക്കുന്നുവെന്നോ ഉറപ്പുവരുത്തുന്നതിനും മേൽ കമ്മിറ്റി തീരുമാനിച്ചിരുന്നു.

ഇതു സംബന്ധിച്ച തീരുമാനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (39/27.08.2022) മറുപടിയോ അനുബന്ധ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആക്ഷൻ പ്ലാൻ നടപ്പാക്കേണ്ടതും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 403393 | കേദാരം സമഗ്ര നെൽകൃഷി വികസനം | 403393 | 0 |
| | | 0 | 800000 | ലൈഫ് എസ്.സി | 800000 | 0 |
| | | 759038 | 0 | ലൈഫ് ജനറൽ | 350000 | 65281 |
| | | | 0 | ലൈഫ് എസ്.സി.പി(എസ്.ഒ) | 343757 | |
| | | 0 | 1440000 | ലൈഫ് ഭവനനിർമ്മാണം എസ്.സി.(എസ്.ഒ) | 1440000 | 0 |
| | | 0 | 206625 | സ്നേഹസ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 206625 | 0 |
| | | 0 | 928425 | ടേക്ക് എ ബ്രേക്ക് | 911109 | 17316 |
| | | 0 | 66990 | ക്ഷീരസമൃദ്ധി ജനറൽ | 66990 | 0 |
| | | 0 | 119751 | ക്ഷീര സമൃദ്ധി വനിത | 119751 | 0 |
| | | 7607044 | - | മുൻവർഷത്തെ പ്രോജക്ടുകൾ | - | 7607044 |
| ആകെ | | 1526082 | 3965184 | | 4641625 | 849641 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 403393 | കേദാരം സമഗ്ര നെൽകൃഷി വികസനം | 403393 | 0 |
| | | 0 | 584307 | ലൈഫ് എസ്.സി | 584307 | 0 |
| | | 0 | 110145 | ലൈഫ് ജനറൽ | 110145 | 0 |
| | | 0 | 240000 | ന്യൂ ലൈഫ് എസ്.സി | 240000 | 0 |
| | | 0 | 51249 | ക്ഷീരസമൃദ്ധി ജനറൽ | 51249 | 0 |
| | | 0 | 70862 | ക്ഷീര സമൃദ്ധി വനിത | 70862 | 0 |
| ആകെ | | 85878 | 1459956 | | 1459956 | 85878 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 + *പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1526082 | 3797496+*167688 | 5491266 | 4641625 | 849641 | 849641 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 85878 | 1459956 | 1545834 | 1459956 | 85878 | 85878 |

*കേദാരം സമഗ്ര നെൽകൃഷി വികസനത്തിനായി ബ്ലോക്ക് വിഹിത്തിൽ നിന്നും ചെലവഴിച്ച തുകയിൽ 167688/- രൂപ റസീപ്റ്റ് & പേയ്മെന്റ് മുഖേനയല്ല വരവ് ചെലവുകൾ രേഖപ്പെടുത്തിയത്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | തുക | | | ലഭിച്ചത് + തിരികെ ഒടുക്കിയത് | |
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 5014660 | 134-കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 565619 | - | 565619 | 1700119* | 5538160 |
| | | 85-കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കെ.ഡബ്ല്യൂ.എ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1658000 | - | 1658000 | | |
| | | ആകെ | 2223619 | | 2223619 | | |

| | 2020-21 B-18 , ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 5014660 | 2223619 | 7238279 | 1700119 | - | 5538160 |

* വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ 1539706/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കൂടാതെ 160413/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കിയിട്ടുമുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/ തസ്വഭവ തീ.18.05.2018 | 21598775 | 320000 | 2361333 | 19557442 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.9 | 2014 | 4.1.4 | പോങ്ങനാട് സ്കൂൾ കോമ്പൗണ്ട് മാലിന്യ സംസ്കരണ പ്ലാന്റ് | തൽസ്ഥിതി തുടരുന്നു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,90,01,760 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,57,79,339 |
| ആകെ | 9,47,81,099 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,39,77,834 |
| നീക്കിയിരിപ്പ് | 2,08,03,265 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,99,427 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 16,75,808 | ശ്രീ. ഷാജി.എൻ.,സെക്രട്ടറി |
| 1-21 | 22,23,619 | ശ്രീ. ഷാജി.എൻ.,സെക്രട്ടറി |
| ആകെ | 38,99,427 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ | പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരംമേൽവിലാസം |
|---|---|---|---|

| | | | |
|---|---|---|---|
| നം. | ഉദ്യോഗപ്പേരും | സമയത്തെ ഔദ്യോഗിക മേൽവിലാസം) | |
| 1 | സെക്രട്ടറി | സെക്രട്ടറി, കിളിമാനൂർ ഗ്രാമ പഞ്ചായത്ത് | അഷ്ടമി, ചെമ്മരത്തുമുക്ക്, നഗരൂർ പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ ജിപി11/ 679 /2022തീയതി: 01.11.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/679/22 തീയതി:01.11.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/679/22 തീയതി:01.11.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1846/2018 തീയതി.7.9.19 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1703 /2019 തീയതി 17.12.20 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1378 /2021 തീയതി | 53 |
| 2020- 21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1472 /2021 തീയതി 07.12.2021 | 78 |

ഡെപ്യൂട്ടി ഡയറക്ടർ.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്